# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോരുത്തോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-കെ.ടി.എം.പി 11/ 447/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 31/03/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോരുത്തോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.ടി.എം.പി 11/ 447/23 തീയ്യതി: 31/03/2023

## കോട്ടയം ജില്ലയിലെ കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2021 മുതൽ 28-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 23-03-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സി ആർ ബീനാകുമാരി | ഡെപ്യൂട്ടി ഡയറക്ടർ | 17-03-2023 | 23-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-03-2023 | 23-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സജി പി ആർ, ഓഡിറ്റ് ഓഫീസർ
രാജേഷ് എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
രഞ്ജിത്ത് എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
കൃഷ്ണപ്രിയ എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സന്ധ്യ വിനോദ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| റുബീന എം | സെക്രട്ടറി | 01-04-2021 | 23-04-2021 |
| രജനിമോൾ റ്റി ഡി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 24-04-2021 | 09-05-2021 |
| സജീഷ് കുമാർ എ എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-05-2021 | 31-05-2021 |
| റുബീന എം | സെക്രട്ടറി | 01-06-2021 | 21-10-2021 |
| രജനിമോൾ റ്റി ഡി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 22-10-2021 | 02-11-2021 |
| ജോമോൻ മാത്യു | സെക്രട്ടറി | 03-11-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രജനിമോൾ റ്റി ഡി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 09-05-2021 |
| സജീഷ് കുമാർ എ എസ് | അസിസ്റ്റന്റ് സെക്രട്ടറി | 10-05-2021 | 10-06-2021 |
| രജനിമോൾ റ്റി ഡി | അസിസ്റ്റന്റ് സെക്രട്ടറി | 11-06-2021 | 31-03-2022 |
| അരുൺ എം | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ എസ് ജി ഡി | 01-04-2021 | 16-12-2021 |
| ബെന്നി തോമസ് | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ എസ് ജി ഡി | 17-12-2021 | 31-03-2022 |
| ഡോ. സോന ചന്ദ്രൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-04-2021 | 31-03-2022 |
| ഡോ. ആസിയ എം എം | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |
| വേണുഗോപാൽ പി ആർ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. വിമൽകുമാർ എം ബി | സീനിയർ വെറ്റിനറി സർജൻ | 01-04-2021 | 03-10-2021 |
| ഡോ. റോസ്മി കെ ബേബി | സീനിയർ വെറ്റിനറി സർജൻ | 04-10-2021 | 20-11-2021 |
| ഡോ. വിമൽകുമാർ എം ബി | സീനിയർ വെറ്റിനറി സർജൻ | 21-11-2021 | 26-12-2021 |
| ഡോ. നെൽസൺ എം മാത്യു | സീനിയർ വെറ്റിനറി സർജൻ | 27-12-2021 | 24-03-2022 |

| | | | |
|---|---|---|---|
| ഡോ. അനിത നാരായണൻ | സീനിയർ വെറ്ററിനറി സർജൻ | 25-03-2022 | 31-03-2022 |
| രാജൻകുട്ടി എൻ ജി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| സൂസൺ ജോസഫ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 30-04-2021 |
| കണ്ണൻ എസ് പിള്ള | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-05-2021 | 31-03-2022 |
| വത്സല പി എ | ഹെഡ്മിസ്ട്രസ് | 01-04-2021 | 31-03-2022 |
| ഗീതമോൾ സി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 30-04-2021 |
| ഗീത പി കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-05-2021 | 11-07-2021 |
| രശ്മി കൃഷ്ണൻ എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 12-07-2021 | 31-03-2022 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതിഅവലോകനം. | 1-5 |
| 6 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | ILGMS പാസ്റ്റ് ഡാറ്റാ എൻട്രി(PDE)-അക്കൗണ്ടിങ്ങ് അപാകതകൾ | 1-11 |
| 12 | മൊബൈൽ ടവറുകളുടെ വസ്തുനികുതി -കുടിശ്ശിക നിലനിൽക്കുന്നു | 1-12 |
| 13 | ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു | 1-13 |
| 14 | സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നു | 1-14 |
| 15 | ടെറസ് സംരക്ഷണം അധിക റൂഫിംഗ്-പെർമിറ്റ് ഫീസ് ഈടാക്കുന്നില്ല | 1-15 |
| 16 | ശബരിമല സ്പെഷ്യൽ ഗ്രാന്റ് - തുക ചെലവഴിക്കാതെ അവശേഷിക്കുന്നു | 1-16 |
| 17 | ഇ-ടെണ്ടർ ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കാനുള്ള തുക സംബന്ധിച്ച് | 1-17 |
| 18 | പൈപ്പ് ലൈൻ ദീർഘീകരണം -പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ | 1-18 |
| 19 | കുഴൽകിണർ നിർമ്മാണം ചെലവ് തുക ഫലപ്രദമായില്ല | 1-19 |
| 20 | വിനിയോഗ വിവരം ലഭ്യമല്ല | 1-20 |
| 21 | ലഭിക്കാത്ത സാധനത്തിന് നല്കിയ തുക തിരികെ ലഭിച്ചില്ല | 1-21 |
| 22 | ശബരിമല ഫണ്ട് ഉപയോഗിച്ച് തെരുവിളക്ക് വാങ്ങൽ കമ്പനിക്ക് നല്കിയത് അധിക നിരക്ക് | 1-22 |
| 23 | ഫലപ്രദമല്ലാത്ത എ എം സി ചെലവുകൾ | 1-23 |
| 24 | തുക അടച്ചിട്ടും വെള്ളക്കരം കുടിശിക വർദ്ധിക്കുന്നു | 1-24 |
| 25 | കാലഹരണപ്പെട്ട നിക്ഷപങ്ങൾ മുതൽ കൂട്ടുന്നില്ല | 1-25 |
| 26 | കന്നുകുട്ടി പരിപാലന പദ്ധതി- അപാകതകൾ | 1-26 |
| 27 | ലൈഫ് ഭവന പദ്ധതി- മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല. | 1-27 |

| | | |
|---|---|---|
| 28 | ലൈഫ് ഭവന നിർമ്മാണം പൂർത്തിയാക്കാനുള്ളത്. | 1-28 |
| 29 | പഠനമുറി (എസ്.സി.പി.)- മുൻകൂർ കൈപ്പറ്റിയവർ പണി പൂർത്തിയാക്കിയിട്ടില്ല. | 1-29 |
| 30 | ഭവന പുനരുദ്ധാരണം (എസ്.സി.പി) -പൂർത്തിയാക്കിയിട്ടില്ല. | 1-30 |
| 31 | ഭവനപുനരുദ്ധാരണം ജനറൽ- ഗുണഭോക്താവിന് അധികം തുക നൽകി | 1-31 |
| 32 | ലൈഫ് ഭവന പദ്ധതി- സ്ഥലം വാങ്ങുന്നതിന് ആനുകൂല്യം ലഭിച്ച വ്യക്തിയുടെ ഭവനനിർമ്മാണം സംബന്ധിച്ച്. | 1-32 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ശബരിമല ഫണ്ട് ഉപയോഗിച്ച് തെരുവിളക്ക് വാങ്ങൽ കമ്പനിക്ക് നല്കിയത് അധിക നിരക്ക് | 3-1 |
| 2 | ഫലപ്രദമല്ലാത്ത എ എം സി ചെലവുകൾ | 3-2 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 16.02.2021 തീയതിയിലെ I-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് 26.03.2022 തീയതിയിലെ I/2-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവുചെലവ്, യഥാർത്ഥ വരവ് ചെലവ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 295451.00 | 15716259.23 |
| വരവ് | 147425220.00 | 69341782.00 |
| ആകെ | 147720671.00 | 85058041.23 |
| ചെലവ് | 143136020.00 | 68416530.00 |
| നീക്കിയിരിപ്പ് | 4584651.00 | 16641511.23 |

## 1-2 വാർഷിക ധനകാര്യ പത്രിക

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 136439896.00 രൂപയും ചെലവ് 141449439.00 രൂപയുമാണ്. റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം വരവ് 69341782.00 രൂപയും ചെലവ് 68416530.00 രൂപയുമാണ്. 2021-22 വർഷത്തെ ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1. 31.03.2022 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.
2. ബി 7 ഷെഡ്യൂൾ പ്രകാരമുള്ള പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്ന വിവിധ ഡെപ്പോസിറ്റ് തുകകളുടെ 2021-22ലെ മുന്നിരിപ്പ് വിശദാംശം രജിസ്റ്ററിൽ ലഭ്യമല്ല. കൃത്യമായ മുന്നിരിപ്പ് വിശദാംശങ്ങളുടെ അഭാവത്തിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് സാധിച്ചിട്ടില്ല.
3. 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
4. 412010101-Capital Work In Progress ശീർഷകത്തിലെ ഇടപാടുകളുടെയും നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല.
5. വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് ILGMS വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

6. തൊഴിൽ നികുതി, ലൈസൻസ് എന്നിവയുടെ ഡിമാന്റ്-കളക്ഷൻ-ബാലൻസ് എന്നിവ രജിസ്റ്ററിൽ കൃത്യമാക്കാത്തതിനാൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.
7. B-18 ഷെഡ്യൂളിൽ 460509901 – Advance To Others രജിസ്റ്റർ പ്രകാരമുള്ള ബാലൻസ് തുക വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
8. B-18 ഷെഡ്യൂളിൽ 460100101 – Festival Advance രജിസ്റ്റർ പ്രകാരമുള്ള ബാലൻസ് തുക വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
9. B-18 ഷെഡ്യൂളിൽ 460100103 – Temporary Advance For Official Purposes, 460500801 – Advance To MGNREGA എന്നിവയുടെ വിവരങ്ങൾ രജിസ്റ്ററിൽ സൂക്ഷിക്കാത്തതിനാൽ തുകയുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.
10. പ്രോജക്ട് നം. 191/21-22 പ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ 1876500 രൂപ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും ആയത് B-18 ഷെഡ്യൂളിൽ 460500201 ശീർഷകത്തിൽ പ്രതിഫലിച്ചിട്ടില്ല.
11. പ്രോജക്ട് നം. 154/21-22 പ്രകാരം ഭൂജല വകുപ്പിൽ 562000 രൂപ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും ആയത് B-18 ഷെഡ്യൂളിൽ 460500204 ശീർഷകത്തിൽ പ്രതിഫലിച്ചിട്ടില്ല.
12. പ്രോജക്ട് നം. 17/21-22 പ്രകാരം കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിൽ 118298 രൂപ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും ആയത് B-18 ഷെഡ്യൂളിൽ 460500202 ശീർഷകത്തിൽ പ്രതിഫലിച്ചിട്ടില്ല.
13. RP-40(b) ൽ 450210102 – Co-Operative Bank – Haritha Karma Sena A/C (0323000001446) അക്കൗണ്ടിൽ വാർഷിക ധനകാര്യ പത്രിക പ്രകാരം 200591/- രൂപ നിലനിൽക്കുന്നു. നിലവിൽ ഹരിത കർമ്മ സേന കൺസോർഷ്യം മുഖേന സർക്കാർ ഉത്തരവ് (ആർ റ്റി) 1496/2020/തസ്വഭവ തീയതി 12.08.2020 പ്രകാരം പുതിയ അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. കോ-ഓപ്പറേറ്റീവ് ബാങ്കിലുള്ള അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്.
14. RP-30 ൽ Development Fund – Central Finance Commission Grant – Performance Grant ലാണ് പലിശ വരവ് കണക്കാക്കിയിരി2ക്കുന്നത്. യഥാർത്ഥത്തിൽ Development Fund – Central Finance Commission Grant – Basic Tax Grant ലാണ് പലിശ വരവ് ചെയ്യേണ്ടിയിരുന്നത്. കൂടാതെ യഥാർത്ഥത്തിലുള്ള പലിശ തുകയേക്കാൾ കുറവ് തുകയാണ് വരവായി കാണിച്ചിരിക്കുന്നത്.
15. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വാർഷികധനകാര്യ പത്രിക പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല.

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 15716259.23 |
| ഓഡിറ്റ് വർഷത്തെ വരവ് | 69341782.00 |
| ആകെ | 85058041.23 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 68416530.00 |
| നീക്കിയിരിപ്പ് | 16641511.23 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 153526 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2075867 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | സഞ്ചിത നിധിയിലേക്ക് | ചെലവ് ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | തിരികെ ഈടാക്കിയത് | |
| വികസനഫണ്ട് പൊതുവിഭാഗം | 0 | 15041337 | 15041337 | 13752386 | 1288951 | 91.43 |
| വികസനഫണ്ട് എസ്.സി.പി. | 0 | 8333852 | 8333852 | 6977705 | 1356147 | 83.72 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 2444654 | 2444654 | 2118902 | 325752 | 86.67 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 10826953 | 10826953 | 9338119 | 1488834 | 86.24 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4854162 | 4854162 | 3254991 | 1599171 | 67.05 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Untied ) | 0 | 4050579 | 4050579 | 3653067 | 397512 | 90.18 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Tied ) | 0 | 6986346 | 6986346 | 2910378 | 4075968 | 41.65 |
| എം. ജി. എൻ. ആർ. ഇ. ജി. എസ് | 921385 | 32100343 | 33021728 | 32441239 | 580489 | 98.24 |
| ഐ.സി.ഡി. എസ്. കേന്ദ്രവിഹിതം | 1530669 | 591532 | 2122201 | 500000 | 1622201 | 23.56 |
| ശുചിത്വമിഷൻ ഗ്രാന്റ് | 1281213 | 2271137 | 3552350 | 1021213 | 2531137 | 28.74 |

വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി. വിഹിതങ്ങളിൽ നിന്ന് യഥാക്രമം 2731866/-രൂപ, 358000/-രൂപ വീതം കുറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ഉറവിടത്തിൽ കുറവ് ചെയ്ത തുകകൾ ജി.ഒ പ്രോജക്റ്റായി വാർഷിക പദ്ധതിയുടെ ഭാഗമാക്കിയിട്ടുണ്ട്. ആയതിനാൽ ടി തുകകൾ ഉൾപ്പെടെയാണ് സുലേഖ സോഫ്റ്റ്വെയറിൽ ചേർത്തിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ ടി തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു. ഗ്രാന്റ് വിനിയോഗപത്രികയുടെ വരവ് ഭാഗത്ത് ടി വരവുകൾ ഉൾപ്പെട്ടിട്ടില്ല. ടി അപാകത നിലനിൽക്കെയാണ് അനുബന്ധം 2 ആയിട്ടുള്ള സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടുള്ളത്.

| പ്രോജക്ട് നം/ പേര് | ചെലവ് | ഫണ്ടിനം |
|---|---|---|
| 177/22 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ ) | 1680666 | വികസനഫണ്ട് പൊതുവിഭാഗം |
| 175/22 അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 1051200 | വികസനഫണ്ട് പൊതുവിഭാഗം |
| ആകെ | 2731866 | |
| 178/22 ലൈഫ് മിഷൻ വായ്പ മുതൽ | 358000 | വികസനഫണ്ട് എസ്.സി.പി. |

| തിരിച്ചടവ് ( എസ്.സി.പി. ) | | |
|---|---|---|

സംരക്ഷണഗ്രാന്റ് റോഡിതര വിഭാഗത്തിൽ നിന്നും 35319 രൂപ വോട്ടിംഗ് മെഷീന്റെ വിലയിനത്തിൽ 2020-21 വർഷം ഉറവിടത്തിൽ നിന്നും കുറവ് ചെയ്തിരുന്നു. ടി തുക തൻവർഷം ലഭിച്ചിട്ടുണ്ട്.

1-5 പദ്ധതിഅവലോകനം.

2021-22 വാർഷികപദ്ധതി ആസൂത്രണ പ്രക്രിയയുടെ തുടക്കമായി വർക്കിംഗ് ഗ്രൂപ്പുകൾ പുന:സംഘടിപ്പിച്ച് പഞ്ചായത്ത് കമ്മറ്റിയുടെ 20.01.2021 ലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. 29.01.2021 ൽ വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നു. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിരൂപീകരണ ഗ്രാമസഭകൾ 11.02.2021 മുതൽ 15.02.2021 വരെയുള്ള തീയതികളിൽ ചേർന്ന് കരട് പദ്ധതിനിർദ്ദേശങ്ങൾ ചർച്ച ചെയ്തു. വികസനസെമിനാർ നടന്നത് 17.2.2021 ലാണ്. കോവിഡ് പ്രോട്ടോക്കോൾ നിലനിന്നിരുന്നതിനാൽ വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ഗ്രാമസഭ ചേർന്നിരുന്നില്ല. പഞ്ചായത്ത് കമ്മറ്റിയുടെ 26.07.2021ലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് ഗ്രാമസഭായോഗങ്ങൾ സാധൂകരിച്ച് തീരുമാനിച്ചിട്ടുണ്ട്. ഊരുകൂട്ടം 12.02.2021, 13.02.2021, 15.02.2021, തീയതികളിലും യോഗം ചേർന്ന് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തു. 19.02.2021 ലെ 1(1) നമ്പർ തീരുമാന പ്രകാരം ഭരണസമിതി വാർഷിക പദ്ധതി അംഗീകരിച്ചു. ജില്ലാ ആസൂത്രണസമിതിയുടെ 24.03.202 ലെ 81898/21/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം വാർഷിക പദ്ധതിക്ക് അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 153 | 131017159 | 129 | 52423818 | 24 | 84.31 |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | ഏറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ആകെ അടങ്കൽ | തൻവർഷം തുക ചെലവഴിച്ചിട്ടുള്ള പ്രോജക്ടുകളുടെ എണ്ണം | ആകെ ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 2003333 | 9 | 1865333 |
| വെറ്റിനറി സർജൻ | 7 | 3779600 | 7 | 2840500 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 8 | 2704112 | 8 | 2524666 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 1 | 500000 | 1 | 500000 |
| വി.ഇ.ഒ | 34 | 81746680 | 31 | 16098234 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 2987890 | 4 | 2679044 |
| സെക്രട്ടറി | 36 | 12983414 | 29 | 11047809 |
| അസിസ്റ്റന്റ് എൻജിനീയർ | 49 | 22572406 | 36 | 13178508 |
| ഹെഡ് മാസ്റ്റർ | 1 | 50000 | 0 | 0 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 300000 | 1 | 300000 |
| അസിസ്റ്റന്റ് സെക്രട്ടറി | 3 | 1389724 | 3 | 1389724 |
| ആകെ | 153 | 131017159 | 129 | 52423818 |

6058855/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തു.

2021-22 വർഷം ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമായ ഗ്രാന്റു തുകകൾ പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിനാൽ വിവിധ ഫണ്ടിനങ്ങളിലായി ആകെ 6058855/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക | സഞ്ചിത നിധിയിലേയ്ക്ക് തിരികെ ഈടാക്കിയത് |
|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 15041337 | 13752386 | 1288951 |
| വികസന ഫണ്ട് (എസ്.സി.പി) | 8333852 | 6977705 | 1356147 |
| വികസന ഫണ്ട് (ടി.എസ്.പി) | 2444654 | 2118902 | 325752 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 10826953 | 9338119 | 1488834 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 4854162 | 3254991 | 1599171 |
| ആകെ | | | 6058855 |

അംഗീകാരം കിട്ടിയ പല പ്രോജക്ടുകളും നടപ്പാക്കാതിരുന്നതും, നടപ്പാക്കിയവ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതുമാണ് മേൽപ്പറഞ്ഞ പ്രകാരം ഗ്രാമ പഞ്ചായത്തിന് 60 ലക്ഷത്തിലധികം രൂപ നഷ്ടമാകാനിടയായത്. വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന സർക്കാർ ധനസഹായം വിനിയോഗത്തിലെ കുറവ് മൂലം നഷ്ടമാകുന്ന സാഹചര്യം ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. എന്നിരുന്നാലും വികസന ഫണ്ട് പൊതുവിഭാഗത്തിൽ 90 ശതമാനത്തിലധികം തുക വിനിയോഗിക്കാൻ സാധിച്ചത് എടുത്തു പറയേണ്ട നേട്ടമാണ്.

- നിക്ഷേപ പ്രവൃത്തികൾ- മുൻ വർഷങ്ങളിലേതുൾപ്പെടെ 3627318 രൂപ വിനിയോഗിക്കാതെ നിർവ്വഹണ ഏജൻസികളുടെ അക്കൗണ്ടുകളിൽ അവശേഷിക്കുന്നു.

വാർഷിക കണക്ക് B18 പ്രകാരം ഷെഡ്യൂൾ പ്രകാരം ഗ്രാമപഞ്ചായത്ത് വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി മുൻ വർഷങ്ങളിലേതുൾപ്പടെ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ചിരുന്ന തുകയിൽ 3627318/- രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ച 100000/- രൂപയുടെ വിനിയോഗ വിവരവും, കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച 1450000/- രൂപയുടെ വിനിയോഗ വിവരവും, ഭൂജലവകുപ്പിൽ നിക്ഷേപിച്ച 1950318/- രൂപയുടെ വിനിയോഗ വിവരവും, പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിച്ച 127000/- രൂപയുടെ വിനിയോഗ വിവരവുമാണ് ഇപ്രകാരം ലഭ്യമായിട്ടില്ലാത്തത്. നിർവ്വഹണ ഏജൻസികളുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ പൂർത്തീകരിച്ച് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ തുകയുടെ വിനിയോഗ വിശദാംശങ്ങളും പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രവും ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും

നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് എല്ലാ പ്രോജക്ടുകളോടൊപ്പവും സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ടസംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2021-22 വർഷം 70 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 13 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷം 135 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 98 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. ആകെ ചെലവ് 309.23 ലക്ഷം രൂപ. 91542 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 165 തൊഴിലാളികൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ ആകെയുള്ള 290 അയൽകൂട്ടങ്ങളും പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 1797 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി നീർക്കുഴി നിർമ്മാണം, ഇടക്കയ്യാല നിർമ്മാണം തുടങ്ങിയ പ്രവൃത്തികളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. കാഷ് ബുക്ക് പ്രകാരമുള്ള 2021-22വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കാഷ് | 921385 | 1176825 | 2098210 | 1517721 | 580489 |
| ഇ.എഫ്.എം.എസ് | 0 | 30923518 | 30923518 | 30923518 | 0 |
| ആകെ | 921385 | 32100343 | 33021728 | 32441239 | 580489 |

വാർഷിക കണക്ക് പ്രകാരമുള്ള വരവ് ചെലവ് തുകകൾ കാഷ് ബുക്ക് പ്രകാരമുള്ള തുകകളുമായി വ്യത്യാസപ്പെട്ടിരിക്കുന്നു. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

## 1-7 ക്ഷേമപദ്ധതികൾ

2021-22 വർഷം വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2640 | 05 |
| വാർദ്ധക്യകാലപെൻഷൻ | 26612500 | 1440 |
| കർഷകതൊഴിലാളി പെൻഷൻ | 4610400 | 242 |
| വിധവാപെൻഷൻ | 9795300 | 509 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 360000 | 19 |
| വികലാംഗപെൻഷൻ | 3501800 | 181 |
| | | |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.03.2023 തീയതിയിൽ 3.20 പി എം-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4803/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ആഭ്യന്തരനിയന്ത്രണസംവിധാനം തൃപ്തികരമാണ്. ഓഡിറ്റ് വർഷം 31.08.2021 വരെ സാംഖ്യ സോഫ്റ്റ് വെയർ വഴിയാണ് ഗ്രാമ പഞ്ചായത്തിൽ സാമ്പത്തിക വിനിമയങ്ങൾ നടത്തിയിട്ടുള്ളത്. 01.09.2021 മുതൽ ILGMS സോഫ്റ്റ് വെയർ നടപ്പാക്കിയിട്ടുണ്ട്. ഡേ ബുക്ക്, കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. വരവിനങ്ങളുടെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. രസീത് ബുക്കുകൾക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനഓഡിറ്റ് നടത്തിയതീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.12.2019 | 11/2019 | A4-681/20 തീ 19.02.2020 |
| അക്കൗണ്ടന്റ്-ജനറലിന്റെ ഓഡിറ്റ് | 24.12.2019 - 10.01.2020 | 2014-15 മുതൽ 2019-20 വരെ | LBA(HQ)II/8A-114/19-20/504 തീയതി 06.02.2020 |

## 1-11 ILGMS പാസ്റ്റ് ഡാറ്റാ എൻട്രി(PDE)-അക്കൗണ്ടിങ്ങ് അപാകതകൾ

കോരുത്തോട് ഗ്രാമപഞ്ചായത്തിൽ 2021-22 വർഷം 01.09.2021 FN തീയതി മുതലാണ് ILGMS ഓൺലൈനായി പ്രവർത്തനം തുടങ്ങിയത്. സാമ്പത്തിക വർഷത്തെ 01.04.2021 മുതൽ 31.08.2021 AN വരെയുള്ള ഇടപാടുകൾ സാംഖ്യയിലും 01.09.2021 FN മുതൽ 31.03.2022 വരെയുള്ള ഇടപാടുകൾ ILGMS ലുമാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. 2021-22 വാർഷിക ധനകാര്യ പത്രിക ജനറേറ്റ് ചെയ്യുന്നതിന് 01.04.2021-ലെ തുടക്ക ബാലൻസ് ഷീറ്റും(Initial Balance Sheet) 01.04.2021 മുതൽ 31.08.2021 AN വരെയുള്ള സാംഖ്യയിലെ എല്ലാ ശീർഷകങ്ങളിലെയും ധനകാര്യ ഇടപാടുകളുടെ സംക്ഷിപ്തം Past Data Entry ആയി ILGMS-ലെ Finance Module ലേക്ക് PDE ജേർണൽ വൗച്ചർ മുഖേന ഒറ്റത്തവണയായി അക്കൗണ്ട് ചെയ്തിരിക്കുന്നു. 01.04.21 മുതൽ 31.08.21 വരെയുള്ള കാലയളവിലെ അക്കൗണ്ടിങ്ങ് തുടർച്ചയ്ക്കായി(Continuity) ILGMS-ൽ Past Data Entry അക്കൗണ്ടിങ്ങ് നടത്തിയപ്പോൾ സംഭവിച്ച അക്കൗണ്ടിങ്ങ് അപാകതകൾ ചുവടെ ചേർക്കുന്നു.

1. സാംഖ്യ RP 43-ൽ Receivables For Property Tax On Residential Buildings (Current), Receivables For Property Tax On Non-Residential Buildings (Current) എന്നിവയിലെ തുകകൾ ILGMS RP 45 ലെ Receivables For Property Tax On Residential Buildings (Current), Receivables For Property Tax On Non-Residential Buildings (Current) എന്നിവയിലെ തുകകളുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.
2. സാംഖ്യ RP 36-ൽ Government And Other Dues Payable - Library Cess എന്ന ഹെഡിലെ തുക ILGMS RP 35 ലെ Government And Other Dues Payable - Library Cess എന്ന ഹെഡിലെ തുകയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.
3. സാംഖ്യ RP 40 (B)-ൽ SBT Koruthode E Payment എന്ന അക്കൗണ്ടിലെ തുക 3267835 രൂപയും ILGMS ൽ അതേ അക്കൗണ്ടിൽ 3260749 രൂപയുമാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്.
4. ILGMS-ലെ തുടക്ക ബാലൻസ് ഷീറ്റിൽ ആസ്തികളുടെ അക്കൗണ്ടിങ്ങ് മേഖല അടിസ്ഥാനത്തിൽ ചെയ്തിട്ടില്ല.
5. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷന് ഓരോ ഗ്രാന്റുകൾക്കും ഫണ്ടുകൾക്കും പ്രത്യേകം ശീർഷകങ്ങൾ ILGMS-ൽ ലഭ്യമായിരുന്നു. എന്നാൽ പഞ്ചായത്ത് ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ സൂക്ഷിക്കുകയോ

ആയതിന്റെ വർഗ്ഗീകരണ വിശദാംശം സൂക്ഷിക്കുകയോ ചെയ്യാതിരുന്നതിനാൽ ആകെ Capital Contribution പൊതുവായ ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്.

6. ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂളിൽ Festival Advance എന്ന ഇനത്തിലെ തുക സാംഖ്യ, ILGMS എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.
7. ബി 1 – Panchayath (General) Fund സാംഖ്യ പ്രകാരമുള്ള Excess Of Income Over Expenditure ILGMS-ൽ തുകയിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു.

Past Data Entry യിൽ കണക്ക് ശീർഷകങ്ങളുമായി ബന്ധപ്പെട്ട് സംഭവിച്ച അപാകതകൾ കൃത്യമായ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ തുടർവർഷം പരിഹരിക്കേണ്ടതാണ്. വിഷയം തിരിച്ച് കൃത്യമായ ശീർഷകങ്ങൾ (Specific Account Heads) ILGMS-ൽ ലഭ്യമായിട്ടുണ്ടെങ്കിൽ പൊതു ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ട ഇനങ്ങൾ കൃത്യമായ ക്രമീകരണം നടത്തേണ്ടതാണ്.

## 1-12 മൊബൈൽ ടവറുകളുടെ വസ്തുനികുതി -കുടിശ്ശിക നിലനിൽക്കുന്നു

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്നതായി കാണുന്നു.

| ക്രമ നം. | വാർഡ് / വാതിൽ നമ്പർ | ഉടമസ്ഥന്റെ പേര് | വർഷം | വസ്തു നികുതി ഇനത്തിലെ കുടിശ്ശിക |
|---|---|---|---|---|
| 1 | XI/418 A | റിലയൻസ് ടെലികോം | 2019-20 രണ്ടാം അർദ്ധവർഷം, 2021-22 ഒന്നാം അർദ്ധവർഷം, 2021-22 രണ്ടാം അർദ്ധവർഷം | 19008 |

മേൽ മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (03/20.03.2023) മേൽ വസ്തു നികുതി കുടിശ്ശികയ്ക്ക് അരിയർ ഡിമാന്റ് നോട്ടീസ്, റവന്യൂ റിക്കവറി നോട്ടീസ് എന്നിവ നൽകിയിട്ടുണ്ടെന്നും ഓൺലൈൻ ആർ ആർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നടപടികൾ സ്വീകരിച്ച് കുടിശ്ശിക നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

## 1-13 ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ (20 % നികുതി വർദ്ധനവ്), 1.5 മീറ്ററോ അതിൽ കുറവോ വഴി സൗകര്യമുള്ള കെട്ടിടങ്ങൾ (10 % നികുതി ഇളവ്) പൊതു വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ (20 % നികുതി ഇളവ്) എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവോ ഇളവോ ഇല്ല. വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് സഞ്ചയയിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ

കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥൻ | റോഡിന്റെ പേര് | പ്രസ്തുത റോഡ് വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്ന തരം (ഫോം- 6 പ്രകാരം) |
|---|---|---|---|---|
| 1 | II/ 308 A | ജിനി തോമസ് | മുണ്ടക്കയം – കുഴിമാവ് റോഡ് | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 2 | II/ 338 B | പത്മാക്ഷി സുകുമാരൻ | | 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ് |
| 3 | VI/ 27 B | വർഗ്ഗീസ് മാത്യു | കോരുത്തോട് – കുഴിമാവ് റോഡ് | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 4 | VI/ 37 B | പി ജി അജയകുമാർ | | 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ് |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (06/20.03.2023) അസസ്മെന്റ് രജിസ്റ്റർ പ്രകാരം രേഖപ്പെടുത്തിയിരിക്കുന്ന റോഡിന്റെ തരം ഡേറ്റ പ്യൂരിഫിക്കേഷൻ വഴി തിരുത്തൽ വരുത്തി ടി കെട്ടിടങ്ങൾക്ക് വസ്തു നികുതി പുനർനിർണ്ണയിച്ച് നൽകുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറ്റ് കെട്ടിടങ്ങൾക്കും ഇത്തരം ന്യൂനതകൾ ഉണ്ടോ എന്ന് പരിശോധിക്കേണ്ടതും അപാകതകൾ തിരുത്തേണ്ടതുമാണ്.

## 1-14 സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നു

വസ്തു നികുതി നിർണ്ണയിക്കുന്നതിനായി 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 1 പ്രകാരം ഗ്രാമ പഞ്ചായത്തിനെ പ്രഥമം, ദ്വിതീയം (കെട്ടിടങ്ങൾക്ക് 10 % നികുതി ഇളവ്), ത്രിതീയം (കെട്ടിടങ്ങൾക്ക് 20 % നികുതി ഇളവ്) എന്നീ മേഖലകളായി തരം തിരിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയം സംബന്ധിച്ച രേഖകളും സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകളും പരിശോധിച്ചതിൽ ഒരേ വ്യക്തികളുടെ പേരിലുള്ള സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ഉടമയുടെ പേര് | കെട്ടിട നമ്പർ | ഉപയോഗക്രമം | മേഖല |
|---|---|---|---|
| സിനോ തങ്കപ്പൻ | XII/102 C | വാണിജ്യാവശ്യം | ദ്വിതീയം |
| | XII/102 D | പാർപ്പിടാവശ്യം | പ്രഥമം |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (07/22.03.2023) ടി കെട്ടിടത്തിന്റെ ശരിയായ റോഡിന്റെ തരം ഡേറ്റ പ്യൂരിഫിക്കേഷൻ വഴി മാറ്റി നൽകി വസ്തു നികുതി പുനർനിർണ്ണയിക്കുന്നതാണ് എന്ന് മറുപടി നല്കിയിട്ടുണ്ട്. മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതും ഇപ്രകാരമുള്ള അപാകതകൾ സഞ്ചയ സോഫ്റ്റ് വെയറിൽ

നിലനിൽക്കുന്നുണ്ടോ എന്ന് പരിശോധിച്ച് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-15 ടെറസ് സംരക്ഷണം അധിക റൂഫിംഗ്-പെർമിറ്റ് ഫീസ് ഈടാക്കുന്നില്ല

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 74 ഉപചട്ടം 1 പ്രകാരം ഉയരം 10 മീറ്ററിൽ കൂടാത്തതും 3 നില വരെയുള്ളതുമായ താമസാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് അധികമായി ഷീറ്റ്/ ഓട് ഉപയോഗിച്ച് ടെറസിന് മുകളിൽ റൂഫിംഗ് നടത്തുന്നതിന് പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും പെർമിറ്റ് എടുക്കേണ്ടതുണ്ട്. ഇത്തരത്തിലുള്ള അധിക നിർമ്മിതി ടെറസിന് സംരക്ഷണം നല്കുന്നതും എല്ലാ വശങ്ങളും തുറന്ന നിലയിലുള്ളതുമായിരിക്കണം. ഇവ ബിൽറ്റ് അപ് ഏരിയ ആയി പരിഗണിക്കുന്നില്ല എങ്കിലും ഉപചട്ടം 2 പ്രകാരം പെർമിറ്റ് ഫീസ് ഈടാക്കേണ്ടതുണ്ട്. 2021-22 വർഷം പെർമിറ്റ് നല്കിയിട്ടുള്ള കെട്ടിടങ്ങളുടെ പ്ലാൻ പ്രകാരം ടെറസിന് മുകളിൽ അധികമായി റൂഫിംഗ് നല്കിയിട്ടുണ്ട് എങ്കിൽ പോലും പെർമിറ്റ് ഫീസ് ഈടാക്കിയിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ.നം | ഫയൽ നം, പേര്,വിലാസം | കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ.) |
|---|---|---|
| 1 | A3-2442/21, 25.06.2021 രാജേഷ് പി ബി പട്ടിയംചാലിൽ | 152.06 |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (14/21.03.2023) ടിയാളിൽ നിന്നും പെർമിറ്റ് ഫീസ് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർന്നു വരുന്ന അപേക്ഷകളിലും ഇപ്രകാരം നടപടി സ്വീകരിച്ച് പെർമിറ്റ് ഫീസ് ഈടാക്കേണ്ടതാണ്.

## 1-16 ശബരിമല സ്പെഷ്യൽ ഗ്രാന്റ് - തുക ചെലവഴിക്കാതെ അവശേഷിക്കുന്നു

വാർഷിക ധനകാര്യ പത്രികയിലെ ബി 4 ഷെഡ്യൂൾ പ്രകാരം 320200112 ഹെഡിൽ ശബരിമല സ്പെഷ്യൽ ഗ്രാന്റ് ഇനത്തിൽ 48,54,300/- രൂപ 31.03.2022 ൽ നീക്കിയിരിപ്പുണ്ട്. 2021-22 വർഷം ടി ഇനത്തിൽ മുന്നിരിപ്പ് 2958603/- രൂപയുണ്ടായിരുന്നു. 2020-21 വർഷത്തെ 1740000/- രൂപ 2021-22 വർഷത്തെ 1740000/- രൂപ എന്നിവയുടെ വരവ് (ആകെ - 3480000/-) 2021-22 വർഷമായിരുന്നു. പ്രോജക്റ്റ് നം. 19/21-22, ശബരിമല സീസൺ ശുചീകരണം പ്രകാരം 184980/- രൂ , പ്രോജക്റ്റ് നം. 46/21-22, ശബരിമല സീസൺ തെരുവു വിളക്കും അനുബന്ധ സാധനങ്ങളും വാങ്ങൽ പ്രകാരം 1399323/- രൂ (ആകെ - 1584303/- രൂ) എന്നീ തുകകളാണ് 2021-22 വർഷം ചെലവഴിച്ചത്. വർഷാവർഷം ശബരിമല സ്പെഷ്യൽ ഗ്രാന്റ് ഇനത്തിൽ പഞ്ചായത്തിന് തുക ലഭ്യമാകുന്നുണ്ട്. മുൻ വർഷങ്ങളിലും ഈ വർഷവും ലഭിച്ചതിൽ നിന്നും 48,54,300/- രൂപ ചെലവഴിക്കാതെ നിലവിലും അവശേഷിക്കുന്നു.

## 1-17 ഇ-ടെണ്ടർ ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കാനുള്ള തുക സംബന്ധിച്ച്

ചീഫ് എഞ്ചിനീയറുടെ 17.08.2017ലെ DB1/7942/2010/CE/LSGD നം സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനും മറ്റുമായി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ SBIയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു, 2018 മുതൽ നാളിതു വരെ പഞ്ചായത്ത് ഫണ്ടിൽ ലഭിക്കാനുള്ള ഇ-ടെണ്ടർ ഫീസിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1-1-18 മുതൽ 1-4-18 വരെ | 8400 |
| 1-9-18 മുതൽ1-12-18 വരെ | 13550 |
| 1-1-19 മുതൽ 1-4-19 വരെ | 1680 |
| 1-9-19 മുതൽ1-12-19 വരെ | 10764 |

| | |
|---|---|
| 1-1-20 മുതൽ 1-4-20 വരെ | 4068 |
| 1-1-21 മുതൽ1-4-21 വരെ | 11800 |
| 1-5-21 മുതൽ 1-8-21 വരെ | 10148 |
| 1-9-21 മുതൽ1-12-21 വരെ | 45430 |
| 1-4-22 മുതൽ 1-7-22 വരെ | 8260 |
| 1-1-22മുതൽ1-4-22 വരെ | 1180 |
| ആകെ | 115280 |

എന്നാൽ നാളിതുവരെയുള്ള ഇ-ടെണ്ടറുകളുടെ ടെണ്ടർ ഫീസ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോട്ടയം ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്തിലേയ്ക്ക് ലഭ്യമായിട്ടില്ല. തുക ലഭിച്ചിട്ടുണ്ടെങ്കിൽ വിവരം അറിയിക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (19/22-3-2023) മറുപടിയായി ആകെ ലഭിക്കാനുള്ള 115280 രൂപയിൽ 46194/- രൂപ 3-3-2023 ൽ ലഭിച്ചതായും ബാക്കി 69086/- രൂപ 31-3-2023 നകം നല്കുമെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചതായും സെക്രട്ടറി മറുപടി നല്കി . തുക ലഭിക്കുന്ന മുറക്ക് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-18 പൈപ്പ് ലൈൻ ദീർഘീകരണം -പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ ദീർഘിപ്പിച്ച് വെള്ളം എത്തിക്കുന്നതിനായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 191/22 നമ്പരായി പ്രോജക്ട് തയ്യാറാക്കുകയും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 1876500/- രൂപ(ബിൽ നം 35/31-3-2022) വകയിരുത്തി വാട്ടർ അതോറിറ്റിക്ക് നല്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിന്റെ 7,8 വാർഡുകളിൽ കുടിവെള്ളമെത്തിക്കുന്നതിനായിട്ടാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

- സ ഉ (കൈ) നം 11/2018 തസ്വ ഭവ തീ 29-1-2018 ക്ര നം 11.2 ഡി ii പ്രകാരം തദ്ദേശ സ്ഥാപനം ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിന് ശേഷം മാത്രമേ തുക മുൻകൂറായി നല്കാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട് എന്നാൽ ആയത് പാലിക്കാതെയാണ് തുക നല്കിയിട്ടുള്ളത്.
- വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 30-3-2022 ലെ DB1/4250/PHDK/20-21 കത്ത് പ്രകാരം UTR നമ്പർ അടക്കം തുകയുടെ അടവ് വിവരം ലഭ്യമായതിന് ശേഷം മാത്രമേ ടെണ്ടർ നടപടികൾ സ്വീകരിക്കൂ എന്ന് അറിയിച്ചിരുന്നു. ഫയൽ പ്രകാരം 31-3-2022 ൽ തുക ട്രാൻസ്ഫർ ചെയ്തതിന് ശേഷം വാട്ടർ അതോറിറ്റിയുമായി കത്തിടപാടുകൾ നടന്നതായി കാണുന്നില്ല.
- വാട്ടർ അതോറിറ്റി നല്കിയിട്ടുള്ള 3 എസ്റ്റിമേറ്റുകൾ പ്രകാരം 146482.48 രൂപ സെന്റേജ് ചാർജായി വാട്ടർ അതോറിറ്റിക്ക് നല്കിയിട്ടുണ്ട്. അക്രെഡിറ്റഡ് ഏജൻസി എന്ന നിലയിൽ മറ്റ് വകുപ്പുകളുടെ പ്രവൃത്തി ഏറ്റെടുക്കുന്നതിന് 1 കോടിക്ക് താഴെ 8% സെന്റേജ് ചാർജ് അനുവദനീയമാണ്. കൂടാതെ സ ഉ (കൈ) നം 11/2018 തസ്വ ഭവ തീ 29-1-2018 ക്രമ നം 11.2 ഡി I പ്രകാരം കുടിവെള്ള സ്കീമുകൾ ഡെപ്പോസിറ്റ് വർക്കായി നടപ്പാക്കാവുന്നതാണ് . ഇതിനുള്ള സെന്റേജ് ചാർജ് വികസന ഫണ്ടിൽ നിന്നും അടക്കുന്നതിന് മേൽ ഉത്തരവ് ക്രമ നം 11.2 ഡി iii അനുവാദം നല്കുന്നുണ്ട്. എന്നാൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിന് തുക നല്കുന്നത് മേൽ പറഞ്ഞ 2 ഇനം പ്രവൃത്തികളിലും ഉൾപ്പെടുന്നില്ല (പഞ്ചായത്തിന് വേണ്ടി ഏറ്റെടുത്ത് ചെയ്ത് കൈമാറുന്ന പ്രവൃത്തിയല്ല). വാട്ടർ അതോറിറ്റിക്ക് കുത്തകാവകാശമുള്ള കുടിവെള്ള പദ്ധതിയിൽ നിന്നുള്ള സേവനം ചെലവ് തുക സ്വീകരിച്ച് പഞ്ചായത്തിന്റെ മറ്റ് മേഖലകളിൽ കൂടി വ്യാപിക്കുകയാണ് ചെയ്യുന്നത്. സൃഷ്ടിക്കപ്പെടുന്ന ആസ്തി വാട്ടർ അതോറിറ്റിയുടേതാണ്. ആയത് പഞ്ചായത്തിന് കൈമാറുന്നില്ല. കൂടാതെ ദീർഘീകരണം മൂലം അധിക കണക്ഷനുകൾ ലഭിക്കുകയാണെങ്കിൽ അവയുടെ ഫീസ് ഈടാക്കാനുള്ള അവകാശവും വാട്ടർ അതോറിറ്റിയുടേതാണ്. ആയതിനാൽ നിക്ഷേപ പ്രവൃത്തിയായോ, അക്രഡിറ്റഡ് ഏജൻസി എന്ന നിലയിലുള്ള പ്രവൃത്തിയായോ പൈപ്പ് ലൈൻ ദീർഘീകരണം പരിഗണിക്കാവുന്നതല്ല (വാട്ടർ

അതോറിറ്റിയുടെ സ്വന്തം പ്രവൃത്തി) എന്നതിനാൽ സെന്റേജ് ചാർജ് ഈടാക്കുന്നത് പുനപരിശോധിക്കേണ്ടതാണെന്ന് വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെടാവുന്നതാണ്.

- തുക അടവാക്കി 1 വർഷം കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം നല്കിയിട്ടില്ല.

മേൽ അപാകതകളിലുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കേണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (8/20-3-23)മറുപടിയായി കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് കുടിവെള്ള പദ്ധതികൾക്ക് മാത്രം ചെലവഴിക്കാൻ കഴിയൂ എന്ന് മറുപടി നല്കി. ജൽ ജീവൻ മിഷൻ പദ്ധതി പ്രകാരം കോരുത്തോട് പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും കുടിവെള്ള പദ്ധതി എത്തിക്കാനുള്ള ബൃഹത് പദ്ധതി ഉള്ളപ്പോൾ മേൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല എങ്കിൽ ആവശ്യകത പുനപരിശോധിക്കേണ്ടതാണ്. കൂടാതെ സെന്റേജ് ചാർജിൽ ഇളവ് ആവശ്യപ്പെട്ട് കത്ത് നല്കാവുന്നതുമാണ്.

1-19 കുഴൽകിണർ നിർമ്മാണം ചെലവ് തുക ഫലപ്രദമായില്ല

2021-22 വർഷം പഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുഴൽ കിണർ നിർമ്മിക്കുന്നതിന് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 154/22 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 693100/- രൂപ വകയിരുത്തുകയും 562000/- രൂപ ചെലവഴിക്കുകയും ചെയ്തു. പഞ്ചായത്തിലെ 7 സ്ഥലങ്ങളിൽ കുഴൽ കിണർ നിർമ്മിക്കുന്നതിന് 382000/- രൂപയും (ബിൽ നം തീ 170/18-1-22) മറ്റ് 3 സ്ഥലങ്ങളിൽ കുഴൽ കിണർ നിർമ്മിക്കുന്നതിന് 180000/- രൂപയും (ബിൽ നം തീ 284/22-3-22) ഉൾപ്പെടെ 562000/- രൂപ ഭൂജല വകുപ്പ് നല്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ നിക്ഷേപിച്ചിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

- സ ഉ (കൈ) നം 11/2018 തസ്വ ഭവ തീ 29-1-2018 ക്ര നം 11.2 ഡി ii പ്രകാരം തദ്ദേശ സ്ഥാപനം ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിന് ശേഷം മാത്രമേ തുക മുൻകൂറായി നല്കാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട് എന്നാൽ ആയത് പാലിക്കാതെ യാണ് തുക നല്കിയിട്ടുള്ളത്.
- ഗ്രാമസഭ തീരുമാനം പരിഗണിച്ചോ, കുടിവെള്ള ക്ഷാമം പരിഹരിക്കണമെന്ന പൊതുജന അഭിപ്രായം പരിഗണിച്ചോ അല്ല മേൽ പ്രോജക്ട് ഏറ്റെടുത്തിട്ടുള്ളത്( ഫയൽ പ്രകാരം).
- കേന്ദ്ര സർക്കാർ പദ്ധതിയായ ജൽജീവൻ മിഷൻ മുഖാന്തിരം പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും കുടിവെള്ളമെത്തിക്കാനുള്ള ബൃഹത് പദ്ധതികൾ ഉണ്ടെന്നിരിക്കെ ഈ പ്രോജക്ടിന്റെ ആവശ്യകത ബോധ്യപ്പെട്ടിട്ടില്ല.
- എസ്റ്റിമേറ്റ് പരിശോധിച്ചതിൽ കുഴൽ കിണർ നിർമ്മിച്ച് End Cap ഉപയോഗിച്ച് അടച്ചുവക്കുന്നതു വരെയുള്ള പ്രവൃത്തികളാണ് ഭൂജല വകുപ്പ് ഏറ്റെടുത്തിട്ടുള്ളത്. കിണറ്റിൽ ജലം ലഭ്യമെങ്കിൽ ഹാൻഡ് പമ്പ് ഉപയോഗിച്ചോ,മോട്ടോർ ഉപയോഗിച്ചോ മാത്രമേ ജലം എടുക്കാൻ കഴിയൂ എന്നിരിക്കെ ആയതിന് തുക വകയിരുത്തുകയോ, പ്രോജക്ട് തയ്യാറാക്കുകയോ ചെയ്യാതെ കിണർ നിർമ്മാണത്തിന് തുക വകയിരുത്തിയതിൽ നിന്നും ലക്ഷ്യബോധമില്ലാതെയാണ് പ്രോജക്ട് ആസൂത്രണം ചെയ്തത് എന്ന് കാണുന്നു.
- പത്ത് കിണർ നിർമ്മിക്കുന്നതിന് തുക നിക്ഷേപിച്ച് 1 വർഷം ആയിട്ടും 1 കിണർ പോലും നിർമ്മിച്ച് വിനിയോഗ സാക്ഷ്യ പത്രം നല്കിയിട്ടില്ല. ഗുണഭോക്താവായ പഞ്ചായത്ത് വിഷയവുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിച്ചതായും കാണുന്നില്ല.
- കോസടി പുതിയ കോളനിയിൽ കിണർ നിർമ്മാണത്തിന് 2 എസ്റ്റിമേറ്റുകൾ തയ്യാറാക്കുകയും തുക അടവാക്കുകയും ചെയ്തു(47885/- രൂപ 18-1-22 ലും 51860/- രൂപ 22-3-2022 ലും അടച്ചു).

അപാകതകളിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (12/21-3-2023) നല്കിയ മറുപടിയിൽ 21-22 വർഷം കിണർ നിർമ്മിക്കുകയും 2022-23 വർഷം വാട്ടർ സപ്ളെ സ്കീം ആക്കുന്നതിനുമാണ് തീരുമാനിച്ചതെന്നും മറുപടി നല്കി . മറുപടി പരിശോധിച്ചതിൽ 12/12/2022 തീയതിയിൽ മേൽ പറഞ്ഞ 10 കിണറുകളിൽ 3 എണ്ണം സ്കീം ആക്കുന്നതിന് പഞ്ചായത്ത്

കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ട്. എന്നാൽ തുക അടവാക്കിയിട്ടില്ല. മുന്നൊരുക്കങ്ങളില്ലാതെയും ആവശ്യകത ഉറപ്പു വരുത്താതെയും ഭൂജല വകുപ്പിലടച്ച 562000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവ് തുക ഫലപ്രദമാക്കിയോ, തിരികെ ഈടാക്കി സർക്കാരിൽ ഒടുക്കിയോ തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-20 വിനിയോഗ വിവരം ലഭ്യമല്ല

2021-22 വർഷം വിവിധ പ്രോജക്കുകളുടെ നടത്തിപ്പിനായി പഞ്ചായത്തിൽ നിന്നും സെക്രട്ടറി നിർവഹിച്ച പ്രോജക്കുകൾ പ്രകാരം ഫണ്ട് കൈമാറിയിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം നല്കിയിട്ടില്ല.വിശദവിവരം ചുവടെ ചേർക്കുന്നു. (ഇത് സംബന്ധിച്ച് 20/22.03.23 നമ്പരായി ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയിരുന്നു)

| ക്ര നം | പ്രോജക്ട്/ പ്രോജക്ട് നമ്പർ | തുക ഒടുക്കിയിട്ടുള്ള ഏജൻസി | ഫണ്ടിനം തുക | ബിൽ നം /തീ |
|---|---|---|---|---|
| 1 | ഫാമിലി ഹെൽത്ത് സെന്റർ നിർമ്മാണം 190/2022 | സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റി | 751000/- റോഡിതര മെയിന്റനൻസ് ഗ്രാന്റ് | 51/7-2-2022 |
| 2 | വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ, 17/2022 | കെ എസ് ഇ ബി മുണ്ടക്കയം | 19291/- വികസന, ഫണ്ട്,ജനറൽ | 59/19-3-22 |
| | | | 99007/- തനത് ഫണ്ട് | 37764/- ചെക്ക് നം9317/22-3-22 61243/- ചെക്ക് നമ്പർ 3399119 തീ 10-1-22 |
| 3 | ജില്ലാ ആസൂത്രണസമിതി കെട്ടിട നിർമ്മാണം വിഹിതം കൈമാറൽ 06/2022 | മെമ്പർ സെക്രട്ടറി& ചെയർപേഴ്സൺ ജില്ലാ ആസൂത്രണ ഓഫീസ് | 200000/- വികസന, ഫണ്ട്,ജനറൽ | 29/25-9-21 |
| | | ആകെ | 1069298/- | |

വിനിയോഗവിവരത്തിന്റെ അഭാവത്തിൽ 1069298/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ വിവരം ലഭിക്കുന്ന മുറക്ക് ഓഡിറ്റിൽ അറിയിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 ലഭിക്കാത്ത സാധനത്തിന് നല്കിയ തുക തിരികെ ലഭിച്ചില്ല

പഞ്ചായത്ത് ഓഫീസിന് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ 7/22 നമ്പർ പ്രോജക്ട് പ്രകാരം 194749 രൂപ വികസനഫണ്ടിൽ നിന്നും വകയിരുത്തുകയും സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഇതേ തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. Cprcs പോർട്ടൽ വഴി 6 കംപ്യൂട്ടറുകൾക്ക്

187680/- രൂപയും A4 ബെഡ് സ്കാനറിന് 7069/- രൂപയുമടക്കം 194749/-രൂപയാണ് കെൽട്രോണിന് നല്കിയത് (ബില് നം തീ 43/13-1-2022). 187680/- രൂപ വില വരുന്ന കംപ്യൂട്ടറുകൾ ലഭിക്കുകയും ആയത് സ്റ്റോക്കിൽ എടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 26-3-2022 ലെ B4/RC/532/21-2-22 ലെ കത്ത് പ്രകാരം കമ്പനിയിൽ നിർമ്മാണം നിർത്തിയതിനാൽ A4 ബെഡ് സ്കാനർ നല്കാനാവില്ലെന്നും തുക റീ ഫണ്ട് ചെയ്ത് നല്കാമെന്നും അറിയിച്ചു. എന്നാൽ തുക അടച്ച് ഒരു വർഷം കഴിഞ്ഞിട്ടും 7069/- രൂപ റീ ഫണ്ട് ചെയ്ത് ലഭിച്ചതായി കാണുന്നില്ല. അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (10/20-3-23)തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിച്ചതായി മറുപടി നല്കി. കെൽട്രോണിന് അധികം നല്കിയ തുക തിരികെ ഈടാക്കേണ്ടതാണ്. ആയതുവരെ ഈ ഇനത്തിലുള്ള 7069/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-22 ശബരിമല ഫണ്ട് ഉപയോഗിച്ച് തെരുവിളക്ക് വാങ്ങൽ കമ്പനിക്ക് നല്കിയത് അധിക നിരക്ക്

2021-22 വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഏറ്റെടുത്ത് നടത്തിയതാണ് ശബരിമല സീസൺ തെരുവുവിളക്കും അനുബന്ധ സാധനങ്ങളും വാങ്ങൽ എന്ന 46/21-22 നമ്പർ പ്രോജക്റ്റ്. ഇതിനായി ശബരിമല സ്പെഷ്യൽ ഫണ്ടിൽ നിന്നും 14,00,000/- രൂപ വകയിരുത്തുകയും 13,99,323/- രൂപ ചെലവഴിച്ച്(ബിൽ നം60/24-2-22 പ്രകാരം 1374335/-രൂപ+ബിൽ നം59/24-2-22 പ്രകാരം 24988/-രൂപ) യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും 565 LED സ്ട്രീറ്റ് ലൈറ്റുകൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. ഇതിൽ 265 ഓട്ടോമാറ്റിക് ലൈറ്റുകളും 300 മാനുവൽ ലൈറ്റുകളുമാണ് ഉൾപ്പെട്ടിട്ടുള്ളത്.

സ ഉ (സാധാ) 2330/16/ത സ്വ ഭ വ തീയതി 31-8-2016 പ്രകാരം സ്ഥാപനത്തിൽ നിന്നും ടെണ്ടർ ഒഴിവാക്കി ഓഫർ സ്വീകരിച്ചാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. ഓഫർ ലറ്റർ പ്രകാരം ഓട്ടോമാറ്റിക് ലൈറ്റിന് ഒന്നിന് 2395/- രൂപയും മാനുവൽ ലൈറ്റിന് ഒന്നിന് 2078/- രൂപയും ലൈറ്റ് സ്ഥാപിക്കുന്നതിന് ഒന്നിന് 250 രൂപയുമാണ് സ്ഥാപനത്തിന് നല്കേണ്ടിയിരുന്നത്. പ്രസ്തുത നിരക്ക് ജി എസ് റ്റിയും, ട്രാൻസ്പോർട്ടേഷനും ഉൾപ്പെട്ട നിരക്കാണെന്ന് ഓഫർ ലറ്ററിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ടാക്സ് ഇൻവോയ്സ് പ്രകാരം ഓഫർ ലെറ്ററിൽ പറഞ്ഞിരുന്നതിൽ നിന്നും വ്യത്യസ്തമായി സാധന വിലക്ക് പുറമെ ജി എസ് റ്റി 12% ഡിമാന്റ് ചെയ്യുകയും സെക്രട്ടറി ആയത് നല്കുകയും ചെയ്തതിലൂടെ പഞ്ചായത്ത് ഫണ്ടിന് നഷ്ടം വരുത്തിയതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ടാക്സ് ഇൻവോയ്സ് പ്രകാരം ഡിമാന്റ് ചെയ്തതും സെക്രട്ടറി നല്കിയതുമായ തുക | ഓഫർ ലറ്റർ പ്രകാരം നല്കാവുന്ന നിരക്ക് |
|---|---|---|
| | Invoice No 606/12-1-2022 | |
| LED Street Light 24 Watts Manual Type 100 Nos | 207857.00 | 207800.00 |
| LED Street Light 24 Watts Automatic Type 265 Nos | 625824.00 | 634675.00 |
| CGST | 50020.86 | 00 |
| SGST | 50020.86 | 00 |
| | Invoice No 577/05-1-2022 | |
| LED Street Light 24 | 415714.00 | 415600 |

| | | |
|---|---|---|
| Watts Manual Type 200 Nos | | |
| CGST | 24942.84 | 00 |
| SGST | 24942.84 | 00 |
| Grand Total | 1399322.40<br>1399323.00 (Rounded Off) | 1258075.00 |
| അധികച്ചെലവ് 1399323-1258075=141248/-രൂപ | | |

വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയതനുസരിച്ച് 13 വാർഡുകളിലായി 250 മാനുവൽ ലൈറ്റുകളും 311 ഓട്ടോമാറ്റിക് ലൈറ്റുകളും ഉൾപ്പെടെ 561 ലൈറ്റുകളാണ് സ്ഥാപിച്ചിട്ടുള്ളത്. ടാക്സ് ഇൻവോയ്സ് പ്രകാരം 565 ലൈറ്റുകളാണ് വാങ്ങിയിട്ടുള്ളത് . ലൈറ്റുകൾ സ്ഥാപിക്കുന്നതിന് 250 രൂപ പ്രകാരം ഓഫർ ലെറ്ററിൽ രേഖപ്പെടുത്തിയിരുന്നെങ്കിലും ടാക്സ് ഇൻവോയ്സ് പ്രകാരം ആയത് ഡിമാന്റ് ചെയ്യുകയോ നല്കുകയോ ചെയ്തിട്ടില്ല. കോട്ടയം ജില്ലയിൽ മിക്ക പഞ്ചായത്തുകളിലും ലൈറ്റുകൾ സ്ഥാപിക്കുന്നതിന് ലൈറ്റ് ഒന്നിന് പരമാവധി 100/- രൂപയാണെന്നിരിക്കെ ഇരട്ടിയിലധികം തുക രേഖപ്പെടുത്തിയ കമ്പനിയെക്കൊണ്ട് ഇൻസ്റ്റലേഷൻ നടത്തിയത് നിർവ്വഹണത്തിലെ അപാകതയാണ്.

ഓഫർ ലെറ്ററിൽ പറഞ്ഞിരുന്നതിൽ നിന്നും വ്യത്യസ്തമായി യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 141248/- രൂപ അധികം നല്കിയതിന് വിശദീകരണം നല്കേണ്ടതും കമ്പനിയിൽ നിന്നും വാങ്ങിയ 565 ലൈറ്റുകളിൽ സ്ഥാപിക്കാതെ അവശേഷിക്കുന്ന 4 ലൈറ്റുകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ് എന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (1/20-3-2023) നല്കിയ മറുപടിയിൽ അധിക തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ലൈറ്റുകൾ സ്ഥാപിക്കുന്നതിന് തുക നല്കിയില്ല എന്നും 4 ലൈറ്റുകൾ പിന്നീട് 5ാം വാർഡിൽ സ്ഥാപിച്ചു എന്നും അറിയിച്ചു. ഈ സാഹചര്യത്തിൽ കമ്പനിക്ക് അധികം നല്കിയ 141248 /- രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-23 ഫലപ്രദമല്ലാത്ത എ എം സി ചെലവുകൾ

2021-22 വർഷം പഞ്ചായത്തിലെ സർവ്വർ കംപ്യൂട്ടറിനും യു പി എസിനും AMC വയ്ക്കുന്നതിനായി പ്രോജക്ട് നമ്പർ 09/21-22 നമ്പരായി വികസനഫണ്ട്(ജനറലിൽ) നിന്നും 19783/- രൂപ വകയിരുത്തുകയും സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഇതേ തുകചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

സർവ്വർ കംപ്യൂട്ടറിന് എ എം സി

21-4-2021 ലെ 1-1 നമ്പർ പഞ്ചായത്ത് കമ്മറ്റി തീരുമാന പ്രകാരം 20-5-2021 ൽ അവസാനിക്കുന്ന സർവ്വർ കംപ്യൂട്ടറിന്റെ എ എം സി പുതുക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ക്വട്ടേഷൻ ക്ഷണിക്കുകയും 10620/- രൂപ ക്വാട്ട് ചെയ്ത വെർട്ടെക്സ് ടെക്നോ സൊല്യൂഷൻസിന് കരാർ നല്കുകയും ചെയ്തു (ബിൽ നം 1/31/5/2021). എന്നാൽ ഫയൽ പരിശോധിച്ചതിൽ സ്ഥാപനവുമായി കരാർ ചമച്ചിട്ടുള്ളതായി കാണുന്നില്ല.

യു പി എസിന് എ എം സി

21-4-2021 ലെ 1-1 നമ്പർ പഞ്ചായത്ത് കമ്മറ്റി തീരുമാന പ്രകാരം 20-3-2021 ൽ അവസാനിക്കുന്ന യു പി എസിന്റെ എ എം സി പുതുക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ക്വട്ടേഷൻ ക്ഷണിക്കുകയും 9163/- രൂപ ക്വാട്ട് ചെയ്ത സെൻസ്റ്റർ പവർ സൊല്യൂഷൻസിന് കരാർ നല്കുകയും ചെയ്തു (ബിൽ നം 9/25-6-2021). കരാർ പരിശോധിച്ചതിൽ 21-3-2021 മുതൽ 20-3-2022 വരെ 1 വർഷ കാലയളവിലേക്കാണ് എ എം സി വച്ചിട്ടുള്ളത്. 26-5-2022 ൽ ഒപ്പിട്ടകരാർ ആയതിനാൽ പ്രസ്തുത തീയതി മുതൽ മാത്രമേ എ എം സി ക്ക് പ്രാബല്യമുള്ളു എന്നതിനാൽ

ഫലത്തിൽ 9 മാസം 25 (299 ദിവസം) ദിവസം മാത്രമാണ് എ എം സി ലഭിച്ചത്. ഇതിന് നല്കാവുന്ന തുക ചുവടെ ചേർക്കുന്നു.

ഒരു ദിവസത്തിന് എ എം സി ചെലവ് 9163/365=25.10

കരാർ പ്രകാരം എ എം സി ലഭിച്ച 299 ദിവസത്തിന് നല്കാവുന്ന തുക 7504.90(7505/- പൂർണ്ണ സംഖ്യയിൽ)

ലഭിക്കാത്ത എ എം സിക്ക് നല്കിയത് 9163-7505=1658/- രൂപ

മേൽ പറഞ്ഞ അപാകതകളിലുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കേണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (9/20-3-2023) മറുപടിയായി വെർട്ടെക്സ് ടെക്നോ സൊല്യൂഷൻസുമായുള്ള കരാർ ഫയലിൽ നിന്നും നഷ്ടപ്പെട്ടു എന്നും സെൻസ്റ്റർ പവർ സൊല്യൂഷൻസിന് കരാർ കാലാവധി കരാർ തീയതി മുതൽ 1 വർഷത്തേക്ക് സ്ഥാപനം നെഗോസിയേഷൻ നല്കിയെന്നും അറിയിച്ചു. ഈ രണ്ട് ഇനങ്ങളും കരാർ മാത്രം അടിസ്ഥാനത്തിലുള്ളതായതിനാൽ മറുപടി അംഗീകരിക്കുന്നില്ല. കരാറില്ലാതെ വെർട്ടെക്സ് ടെക്നോ സൊല്യൂഷൻസിന് നല്കിയ 10620/- രൂപയും സെൻസ്റ്റർ പവർ സൊല്യൂഷൻസിന് അധികം നല്കിയ (പഞ്ചായത്തിന് പ്രയോജനപ്പെടാത്ത ചെലവ്)1658/- രൂപയും അടക്കം 12278/- രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടക്കേണ്ടതാണ്.

1-24 തുക അടച്ചിട്ടും വെള്ളക്കരം കുടിശിക വർദ്ധിക്കുന്നു

2021-22 വർഷം വെള്ളക്കരം അടക്കുന്നതിനായി റോഡിതരമെയിന്റനൻസ് ഗ്രാന്റിൽ നിന്നും 281160/- രൂപ വകയിരുത്തുകയും (പ്രോജക്റ്റ് നമ്പർ 11/21-22) ഇതേ തുക സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലുള്ള 51 കുടിവെള്ളടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പ്രതിമാസം 23430/- രൂപയാണ് വാട്ടർ അതോറിറ്റിയിൽ അടവാക്കുന്നത്. 04/2021 ലെ വാട്ടർ അതോറിറ്റിയുടെ ബിൽ പ്രകാരം 3/21 വരെയുള്ള കുടിശികയായ 28333/- രൂപയടക്കം 52319/- രൂപയാണ് അടവാക്കാനുള്ളത്. തുടർന്നുള്ള മാസങ്ങളിൽ ഓരോ മാസത്തേയും ഡിമാന്റ് തുക മാത്രം അടവാക്കി കുടിശിക അടക്കാത്തത് മൂലം പിഴ തുക ഉൾപ്പെടെ കുടിശിക വർദ്ധിച്ച് വരുന്ന സാഹചര്യമാണ് നിലവിൽ ഉള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| വർഷാരംഭ മാസത്തെ ബിൽ തുക | | വർഷാവസാന മാസത്തെ ബിൽ തുക | |
|---|---|---|---|
| 31-3-2021 വരെയുള്ള കുടിശിക | 28333 | 28-2-2022വരെയുള്ള കുടിശിക | 35629 |
| ഫൈൻ | 556 | ഫൈൻ | 699 |
| 04/21 ലെ ഡിമാന്റ് തുക | 23430 | 03/22ലെ ഡിമാന്റ് തുക | 23430 |
| ആകെ | 52319 | ആകെ | 59758 |

വാട്ടർ അതോറിറ്റിക്കുള്ള വെള്ളക്കര കുടിശിക അടവാക്കാതിരുന്നാൽ സർക്കാർ പദ്ധതി വിഹിതത്തിൽ നിന്നും വെട്ടിക്കുറച്ച് വാട്ടർ അതോറിറ്റിക്ക് നല്കാനുള്ള സാഹചര്യവും നിലനിൽക്കുന്നു. അപാകതയിലുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(11/20-3-23) മറുപടിയായി 3 ടാപ്പുകൾ പുന സ്ഥാപിച്ചതിനാലാണ് സ്ട്രീറ്റ് ടാപ്പുകളുടെ എണ്ണം 51 ആയത് എന്നും ബില്ലുകളിൽ 2019 മുതൽ കുടിശിക കാണിക്കുന്നത് 89/2020 പ്രോജക്റ്റ് പ്രകാരം അടവാക്കിയിട്ടും വീണ്ടും കുടിശിക കാണിക്കുന്നതിനാലാണ് അടക്കാത്തത് എന്നും സെക്രട്ടറി മറുപടി നല്കി. പഞ്ചായത്തും വാട്ടർ അതോറിറ്റിയുമായുള്ള തർക്കങ്ങളിൽ സർക്കാർ തീരുമാനമാണ് നടപ്പാക്കുന്നത് എന്നതിനാൽ അപാകത സർക്കാർ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കേണ്ടതാണ്.

## 1-25 കാലഹരണപ്പെട്ട നിക്ഷപങ്ങൾ മുതൽ കൂട്ടുന്നില്ല

കേരള ഫിനാൻഷ്യൽ കോഡ് (വോള്യം 1) വകുപ്പ് 282(6) പ്രകാരം പബ്ലിക് വർക്ക് ഡെപ്പോസിറ്റുകൾ തിരിച്ച് നൽകേണ്ട ആദ്യ തീയതി മുതൽ 3 സാമ്പത്തിക വർഷത്തിനുള്ളിൽ തിരികെ വാങ്ങിയില്ല എങ്കിൽ സാമ്പത്തിക വർഷം അവസാനിക്കുന്ന മാർച്ച് മാസത്തിൽ റവന്യൂ ഹെഡിൽ ചേർത്ത് മുതൽ കൂട്ടാവുന്നതാണ്. പഞ്ചായത്തിൽ ഇത്തരത്തിൽ മുതൽ കൂട്ടാവുന്ന ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റുകൾ സൂക്ഷിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർക്ക് പ്ലഡ്ജ് ചെയ്ത് നല്കിയിട്ടുള്ള ഇത്തരം നിക്ഷേപങ്ങൾ വാല്യുബിൾസ് രജിസ്റ്ററിൽ ചേർക്കുകയും റീ ഫണ്ട് വിവരങ്ങൾ യഥാസമയം ഉൾപ്പെടുത്തുകയും ചെയ്യേണ്ടതും സ്ഥിര നിക്ഷേപ സാക്ഷ്യപത്രങ്ങൾ പഞ്ചായത്ത് ക്യാഷ് ചെസ്റ്റിൽ സൂക്ഷിക്കേണ്ടതുമാണ്. മിക്ക മരാമത്ത് പ്രവൃത്തികളുടെയും ലയബിലിറ്റി കാലയളവ് 3 വർഷത്തിനുള്ളിൽ അവസാനിക്കുന്നതിനാൽ നിലവിൽ 2017 മാർച്ച് മാസം വരെയുള്ള എല്ലാ തിരികെ വാങ്ങാത്ത ഡെപ്പോസിറ്റുകളും മുതൽ കൂട്ടാവുന്നതാണ് (ലയബിലിറ്റി കാലയളവ് പരിശോധിച്ച് ഉറപ്പ് വരുത്തി, ഭരണസമിതി അംഗീകാരത്തോടെ). കാലയളവ് കഴിഞ്ഞ നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടേണ്ട ചുമതല സാക്ഷ്യപത്രങ്ങളുടെ സൂക്ഷിപ്പ് ചുമതലയുള്ള ഉദ്യോഗസ്ഥനായിരിക്കും. പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതും എഞ്ചിനീയറിംഗ് വിഭാഗം സൂക്ഷിച്ചിട്ടുള്ളതുമായ സർട്ടിഫിക്കറ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സർട്ടിഫിക്കറ്റ് നം തീ | തുക |
|---|---|---|
| 1 | 799010500110628 /22-3-2107ട്രഷറി നിക്ഷേപം | 10000/-രൂപ |
| 2 | 303/1736/20-3-2017 യൂണിയൻ ബാങ്ക് | 10000/- |

പഞ്ചായത് തനത് ഫണ്ടിലേക്ക് മുതൽകൂട്ടാവുന്ന ഇത്തരം നിക്ഷേപങ്ങൾ മുതൽ കൂട്ടുന്നതിന് നടപടികൾ സ്വീകരിക്കാതിരുന്നതിനുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.16/22-3-23) മറുപടി നല്കിയില്ല. കാലഹരണപ്പെട്ട സ്ഥിരനിക്ഷേപങ്ങൾ പഞ്ചായത്ത് തനത് ഫണ്ടിലേക്ക് മുതൽ കൂട്ടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-26 കന്നുകുട്ടി പരിപാലന പദ്ധതി- അപാകതകൾ

പ്രോജക്റ്റ് നം. 74/22
അടങ്കൽ- 650000 രൂപ ( വികസന ഫണ്ട്- 325000 + ഗുണഭോക്തൃ വിഹിതം- 325000 )
ചെലവ്- 262500 രൂപ ( ബിൽ നം. 8/21-22/ 18.03.22)
നിർവ്വഹണോദ്യോഗസ്ഥൻ- വെറ്റിനറി സർജൻ.

കോരുത്തോട് ഗ്രാമ പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ നടപ്പാക്കിയതാണ് മേൽ പദ്ധതി. പദ്ധതി നടത്തിപ്പിനായി 21 കിടാരികൾക്കുള്ള പഞ്ചായത്ത് വിഹിതം 262500 രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ പേരിൽ കോട്ടയം ജില്ലാ ട്രഷറിയിലുള്ള അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട് (അക്കൗണ്ട് നം. 708011400000050). പ്രോജക്റ്റ് നടത്തിപ്പിൽ താഴെ ചേർക്കുന്ന അപാകത ശ്രദ്ധയിൽപ്പെട്ടു.
ശ്രീ പി.എം. മാത്യു എന്ന ഗുണഭോക്താവ് കാലിത്തീറ്റ കൈപ്പറ്റിയതായി കാണുന്നില്ല. മേൽ ഗുണഭോക്താവ് പദ്ധതിയിൽ നിന്നും പിൻമാറിയിന്റെ കാരണം രജിസ്റ്ററിലോ ഫയലിലോ രേഖപ്പെടുത്തിയിട്ടില്ല.

അപാകത സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 15/21.3.23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ ശ്രീ പി.എം. മാത്യുവിന്റെ കന്നുകുട്ടി ചത്തുപോയതിനാലാണ് ടിയാൻ പദ്ധതിയിൽ നിന്നും പിൻമാറിയത് എന്ന് അറിയിച്ചു. ടി ഗുണഭോക്താവിനായി കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് നൽകിയ 12500 രൂപ തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്. കൂടാതെ പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് 262500 രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ 262500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-27 ലൈഫ് ഭവന പദ്ധതി- മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല.

ലൈഫ് ഭവന പദ്ധതി ജനറൽ വിഭാഗത്തിന്റെ രജിസ്റ്റർ പരിശോധിച്ചതിൽ 40000 രൂപ മുൻകൂർ കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താവ് ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതായി കണ്ടു.

| ഗുണഭോക്താവ് | കൈപ്പറ്റിയ തുക | തീയതി | ഫണ്ടിനം |
|---|---|---|---|
| സാലി കെ. അനിൽ/ അനിൽ, കരിന്തകരക്കുന്നേൽ, | 40000 | 27.01.2021 | വികസന ഫണ്ട് (പൊതുവിഭാഗം ) |

ടി ഗുണഭോക്താവിന്റെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 23/23.3.23-ാം നമ്പർ ഓഡിറ്റ്

എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ടി ഗുണഭോക്താവിന്റെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് നോട്ടീസ് നൽകിയിരുന്നെന്നും ഭവനനിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്നും അറിയിച്ചു. ടി ഗുണഭോക്താവിന്റെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-28 ലൈഫ് ഭവന നിർമ്മാണം പൂർത്തിയാക്കാനുള്ളത്.

കോരുത്തോട് ഗ്രാമ പഞ്ചായത്തിന്റെ ലൈഫ് ഭവന പദ്ധതിയുടെ രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൽ മുൻവർഷങ്ങളിൽ ധനസഹായം കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ അവരുടെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ലാത്തതായി കണ്ടു.

എ) ജനറൽ വിഭാഗം

| ക്രമ നം. | ഗുണഭോക്താവ് | കൈപ്പറ്റിയ തുക | തീയതി |
|---|---|---|---|
| 1 | ഫസീല ഷെറീഫ്, പുതുപ്പറമ്പിൽ, മടുക്ക | 40000 | 16.07.2018 |
| | | 160000 | 10.01.2019 |
| | | 60000 | 02.07.2019 |
| | ആകെ | 260000 | |
| 2 | ബേബി, കുരപ്ലാക്കൽ, മടുക്ക | 40000 | 22.02.2019 |
| | | 160000 | 11.12.2019 |
| | | 100000 | 23.11.2020 |
| | | 50000 | 28.09.2022 |
| | ആകെ | 350000 | |
| 3 | രാജമ്മ മുരളീധരൻ പിള്ള, തറയിൽ, മടുക്ക | 40000 | 12.03.2020 |
| | | 160000 | 09.07.2020 |
| | | 60000 | 15.03.2021 |
| | | 100000 | 04.10.2021 |
| | ആകെ | 360000 | |

ബി) പട്ടികജാതി വിഭാഗം

| ക്രമ നം. | ഗുണഭോക്താവ് | കൈപ്പറ്റിയ തുക | തീയതി |
|---|---|---|---|
| 1 | തങ്കമ്മ, മാന്നാംപറമ്പിൽ, മടുക്ക | 40000 | 13.07.2018 |
| | | 160000 | 10.01.2019 |
| | ആകെ | 200000 | |
| 2 | ഓമന സജി, വാലോലിക്കൽ, കുഴിമാവ് | 40000 | 13.07.2018 |
| | | 160000 | 30.08.2018 |
| | | 100000 | 27.02.2019 |
| | | 50000 | 30.07.2020 |
| | ആകെ | 350000 | |

| | | | |
|---|---|---|---|
| 3 | സുജാത പ്രദീപ്, പുല്ലാനിക്കേരിയിൽ, മട്ടക്ക | 40000 | 27.02.2019 |
| | | 160000 | 13.12.2019 |
| | | 100000 | 11.01.2020 |
| | | 50000 | 19.10.2020 |
| | ആകെ | 350000 | |

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് തുടർ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് അവശ്യപ്പെട്ട് നൽകിയ 21/22.03.23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ജനറൽ വിഭാഗത്തിലെ മൂന്ന് പേർക്കും നോട്ടീസ് നൽകിയിട്ടുണ്ടെന്നും ആദ്യ രണ്ട് ഗുണഭോക്താക്കളുടെ പണി ഉടൻ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും, ശ്രീമതി ഫസീല ഷെറീഫിന്റെ ഭവനനിർമ്മാണം സംബന്ധിച്ച് പഞ്ചായത്ത് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചു. പട്ടികജാതി വിഭാഗത്തിലെ ആദ്യ രണ്ട് പേരുടെ പണി ഉടൻ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും ശ്രീമതി സുജാത പ്രദീപ് എന്നയാൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും പഞ്ചായത്ത് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചു. മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-29 പഠനമുറി (എസ്.സി.പി.)- മുൻകൂർ കൈപ്പറ്റിയവർ പണി പൂർത്തിയാക്കിയിട്ടില്ല.

പ്രോജക്ട് നം. 121/22
അടങ്കൽ- 950000 രൂപ (എസ്.സി.പി. )
ചെലവ്- 450000 രൂപ
നിർവ്വഹണോദ്യോഗസ്ഥൻ- വി.ഇ.ഒ, കോരുത്തോട്.

കോരുത്തോട് ഗ്രാമ പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത മേൽ പ്രോജക്ട് പ്രകാരം താഴെ ചേർക്കുന്ന രണ്ട് ഗുണഭോക്താക്കൾക്ക് മുൻകൂർ അനുവദിച്ചിട്ടുണ്ട്.

| ഗുണഭോക്താവ് | മുൻകൂർ നൽകിയ തുക | ബിൽ നം/ തീയതി | റിമാർക്ക് |
|---|---|---|---|
| മണി സി. കെ/ അനീഷാമോൾ, മുതിരപ്പറമ്പിൽ, പുഞ്ചവയൽ | 50000 | 34/21-22 /17.01.2022 | പീരുമേട് കോളേജ് ഓഫ് അപ്ലൈഡ് സയൻസിലെ 2020-21 വർഷത്തെ DCA വിദ്യാർഥിയായിരുന്നു |
| വിനോദ്കുമാർ സി. ജെ/ ആദർശ് വിനോദ്, ചൂരനോലിക്കൽ, പനയ്ക്കച്ചിറ. | 50000 | 13/21-22 /20.09.2021 | വാഴൂർ SVR NSS കോളേജിലെ 2020-21 വർഷത്തെ രണ്ടാം വർഷ വിദ്യാർഥിയായിരുന്നു |
| ആകെ | 100000 | | |

ടി ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തിയാക്കി മൂല്യനിർണ്ണയ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ഫൈനൽ ഗഡു കൈപ്പറ്റിയിട്ടില്ല. അപാകത സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 22/23.3.23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ ശ്രീ മണി സി. കെയുടെ പഠനമുറി നിർമ്മാണം 2022-23 ൽ

പൂർത്തിയാക്കിയിട്ടുണ്ടെന്നും ശ്രീ വിനോദ്കുമാർ സി. ജെയുടെ പഠനമുറിയുടെ നിർമ്മാണ പ്രവൃത്തികൾ മേൽക്കൂര വരെ പൂർത്തിയാക്കിയെന്നും അറിയിച്ചു. ടി ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണം പൂർത്തിയാക്കി മൂല്യനിർണ്ണയ സാക്ഷ്യപത്രം ഹാജരാക്കി ഫൈനൽ ഗഡു നൽകി വിവരം ഓഡിറ്റിൽ അറിയിക്കുന്നത് വരെ 100000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-30 ഭവന പുനരുദ്ധാരണം (എസ്.സി.പി) -പൂർത്തിയാക്കിയിട്ടില്ല.

വി.ഇ.ഒ നടപ്പിലാക്കിയ പട്ടികജാതിക്കാർക്ക് ഭവന പുനരുദ്ധാരണം എന്ന പ്രോജക്ട് പ്രകാരം ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താവ് നാളിതു വരെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രേജക്ട് നമ്പർ | 68/22 |
| അടങ്കൽ | 315000 |
| ചെലവ് | 1875000 |

ടി പദ്ധതി പ്രകാരം ആകെ 21 ഗുണഭോക്താക്കളാണുണ്ടായിരുന്നത്. എന്നാൽ രവി സി.കെ എന്ന ഗുണഭോക്താവ് നാളിതുവരെ ഭവനപുനരുദ്ധാരണം പൂർത്തിയാക്കിയിട്ടില്ല. ബിൽ നമ്പർ 46/21-22 /28.02.22 പ്രകാരം 75000 രൂപ കൈപ്പറ്റിയിട്ടുണ്ട്. ഭവനപുനരുദ്ധാരണം അടിയന്തിരമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ അല്ലാത്ത പക്ഷം ആദ്യഗഡുവായി നൽകിയ 75000 രൂപ തിരികെ ഈടാക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭവനപുനരുദ്ധാരണം പൂർത്തിയാക്കുന്നത് വരെ 75000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-31 ഭവനപുനരുദ്ധാരണം ജനറൽ- ഗുണഭോക്താവിന് അധികം തുക നൽകി

പ്രോജക്ട് നം. 107/22
അടങ്കൽ- 2000000 രൂപ ( ധനകാര്യ കമ്മീഷൻ ഗ്രാന്റ് )
ചെലവ്- 1375000 രൂപ
നിർവ്വഹണോദ്യോഗസ്ഥൻ- വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ.

കോരുത്തോട് ഗ്രാമ പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം 39 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. 14 പേർക്ക് 50000 രൂപ വീതവും 24 പേർക്ക് 25000 രൂപ വീതവും ഒരാൾക്ക് 75000 രൂപയും. ഇതിൽ ശ്രീമതി അശ്വതി രാജേഷ്, കാട്ടാംകുന്നേൽ, മടുക്ക പി.ഒ, എന്ന ഗുണഭോക്താവിനാണ് താഴെ പറയും പ്രകാരം 75000 രൂപ അനുവദിച്ചിട്ടുള്ളത്.

| തീയതി | നൽകിയ തുക | ബിൽ നം/ തീയതി | ബിൽ തുക |
|---|---|---|---|
| 08.02.2022 | 25000 | XVFC/21-22/P/3/ 08.02.2022 | 425000 |
| 16.03.2022 | 25000 | XVFC/21-22/P/8/ 08.02.2022 | 100000 |
| 31.03.2022 | 25000 | XVFC/21-22/P/20/ 08.02.2022 | 350000 |
| ആകെ | 75000 | | |

പ്രോജക്ട് പ്രകാരം ഒരു ഗുണഭോക്താവിന് അനുവദിക്കാവുന്ന തുക 50000 രൂപയാണ്. അതായത് ശ്രീമതി അശ്വതി രാജേഷ് എന്ന ഗുണഭോക്താവിന് 25000 രൂപ അധികം അനുവദിച്ചിട്ടുണ്ട്. കൂടാതെ 25000 രൂപ വീതം മുൻകൂർ കൈപ്പറ്റിയ 24 ഗുണഭോക്താക്കൾ ഭവനപുനരുദ്ധാരണം പൂർത്തിയാക്കി ബാക്കി തുക കൈപ്പറ്റിയതായി കാണുന്നില്ല. അപാകത സബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 18/22.3.23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി

ലഭ്യമാക്കിയതിൽ ഭവനപുനരുദ്ധാരണം പൂർത്തിയാക്കാനുണ്ടായിരുന്ന 24 ഗുണഭോക്താക്കളിൽ 23 പേർ 2022-23 ൽ പൂർത്തിയാക്കിയിട്ടുണ്ടെന്നും അവശേഷിക്കുന്ന ശ്രീമതി അമ്മിണി കുഞ്ഞുമോൻ എന്നയാൾക്ക് ഭവനപുനരുദ്ധാരണം പൂർത്തിയാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചു. ശ്രീമതി അശ്വതി രാജേഷ് എന്ന ഗുണഭോക്താവിന് അധികം അനുവദിച്ച 25000 രൂപ 23.03.2023 ലെ 1220102679-ാം നമ്പർ രസീത് പ്രകാരം പഞ്ചായത്തിൽ തിരിച്ചടച്ചിട്ടുണ്ടെന്നും അറിയിച്ചു. തിരിച്ചടച്ച തുക ധനകാര്യ കമ്മീഷൻ ഗ്രാന്റ് നിക്ഷേപിക്കുന്ന ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റേണ്ടതും തിരിച്ചടവ് സംബന്ധിച്ച ക്രമീകരണങ്ങൾ നടത്തേണ്ടതുമാണ്. ശ്രീമതി അമ്മിണി കുഞ്ഞുമോൻ എന്നയാളുടെ ഭവനപുനരുദ്ധാരണം പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-32 ലൈഫ് ഭവന പദ്ധതി- സ്ഥലം വാങ്ങുന്നതിന് ആനുകൂല്യം ലഭിച്ച വ്യക്തിയുടെ ഭവനനിർമ്മാണം സംബന്ധിച്ച്.

മരങ്ങാട്ടുപള്ളി ഗ്രാമ പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥലം വാങ്ങുന്നതിന് ആനുകൂല്യം അനുവദിച്ച ത്രേസ്യാമ്മ ജോസഫ്, പൊന്നാംകുന്നേൽ, മണ്ണയ്ക്കനാട് എന്ന ഗുണഭോക്താവ് കോരുത്തോട് ഗ്രാമ പഞ്ചായത്തിലാണ് സ്ഥലം വാങ്ങിയത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവ് | സ്ഥലം നൽകിയ ആൾ | വാങ്ങിയ സ്ഥലം ത്തിന്റെ വിശദാംശങ്ങൾ | ധനസഹായം |
|---|---|---|---|
| ത്രേസ്യാമ്മ ജോസഫ്, പൊന്നാംകുന്നേൽ, മണ്ണയ്ക്കനാട് | ശ്രീമതി സെലിൻ സാമുവൽ, മൊടകര, കോരുത്തോട് | കോരുത്തോട് ഗ്രാമ പഞ്ചായത്ത്, കോരുത്തോട് വില്ലേജ്, സർവ്വേ നം. 53/1, 2.03 ആർ | 200000. |

ശ്രീമതി ത്രേസ്യാമ്മ ജോസഫ് വാങ്ങിയ സ്ഥലത്ത് ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 13/21.3.23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ, നിലവിൽ സ്ഥലം വാങ്ങുന്നതിന് ആനുകൂല്യം നൽകിയ പഞ്ചായത്തിൽ നിന്നുതന്നെ ഭവനനിർമ്മാണത്തിന് ധനസഹായം അനുവദിക്കേണ്ടതാണ് എന്നും ഇതു സംബന്ധിച്ച് മരങ്ങാട്ടുപള്ളി ഗ്രാമ പഞ്ചായത്തിനെ അറിയിക്കുന്നതാണ് എന്നും അറിയിച്ചു. ശ്രീമതി ത്രേസ്യാമ്മ ജോസഫിന്റെ ഭവനനിർമ്മാണം പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ശബരിമല ഫണ്ട് ഉപയോഗിച്ച് തെരുവിളക്ക് വാങ്ങൽ കമ്പനിക്ക് നല്കിയത് അധിക നിരക്ക്

2021-22 വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഏറ്റെടുത്ത് നടത്തിയതാണ് ശബരിമല സീസൺ തെരുവുവിളക്കും അനുബന്ധ സാധനങ്ങളും വാങ്ങൽ എന്ന 46/21-22 നമ്പർ പ്രോജക്ട്. ഇതിനായി ശബരിമല സ്പെഷ്യൽ ഫണ്ടിൽ നിന്നും 14,00,000/- രൂപ വകയിരുത്തുകയും 13,99,323/- രൂപ ചെലവഴിച്ച്(ബിൽ നം60/24-2-22 പ്രകാരം 1374335/-രൂപ+ബിൽ നം59/24-2-22 പ്രകാരം 24988/-രൂപ) യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും 565 LED സ്ട്രീറ്റ് ലൈറ്റുകൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. ഇതിൽ 265 ഓട്ടോമാറ്റിക് ലൈറ്റുകളും 300 മാനുവൽ ലൈറ്റുകളുമാണ് ഉൾപ്പെട്ടിട്ടുള്ളത്.

സ ഉ (സാധാ) 2330/16/ ത സ്വ ഭ വ തീയതി 31-8-2016 പ്രകാരം സ്ഥാപനത്തിൽ നിന്നും ടെണ്ടർ ഒഴിവാക്കി ഓഫർ സ്വീകരിച്ചാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. ഓഫർ ലറ്റർ പ്രകാരം ഓട്ടോമാറ്റിക് ലൈറ്റിന് ഒന്നിന് 2395/- രൂപയും മാനുവൽ ലൈറ്റിന് ഒന്നിന് 2078/- രൂപയും ലൈറ്റ് സ്ഥാപിക്കുന്നതിന് ഒന്നിന് 250 രൂപയുമാണ് സ്ഥാപനത്തിന് നല്കേണ്ടിയിരുന്നത്. പ്രസ്തുത നിരക്ക് ജി എസ് റ്റിയും, ട്രാൻസ്പോർട്ടേഷനും ഉൾപ്പെട്ട നിരക്കാണെന്ന് ഓഫർ ലറ്ററിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ടാക്സ് ഇൻവോയ്സ് പ്രകാരം ഓഫർ ലെറ്ററിൽ പറഞ്ഞിരുന്നതിൽ നിന്നും വ്യത്യസ്തമായി സാധന വിലക്ക് പുറമെ ജി എസ് റ്റി 12% ഡിമാന്റ് ചെയ്യുകയും സെക്രട്ടറി ആയത് നല്കുകയും ചെയ്തതിലൂടെ പഞ്ചായത്ത് ഫണ്ടിന് നഷ്ടം വരുത്തിയതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ടാക്സ് ഇൻവോയ്സ് പ്രകാരം ഡിമാന്റ് ചെയ്തതും സെക്രട്ടറി നല്കിയതുമായ തുക | ഓഫർ ലറ്റർ പ്രകാരം നല്കാവുന്ന നിരക്ക് |
|---|---|---|
| Invoice No 606/12-1-2022 | | |
| LED Street Light 24 Watts Manual Type 100 Nos | 207857.00 | 207800.00 |
| LED Street Light 24 Watts Automatic Type 265 Nos | 625824.00 | 634675.00 |
| CGST | 50020.86 | 00 |
| SGST | 50020.86 | 00 |
| Invoice No 577/05-1-2022 | | |
| LED Street Light 24 Watts Manual Type 200 Nos | 415714.00 | 415600 |
| CGST | 24942.84 | 00 |
| SGST | 24942.84 | 00 |
| Grand Total | 1399322.40<br>1399323.00 (Rounded Off) | 1258075.00 |
| അധികച്ചെലവ് 1399323-1258075=141248/-രൂപ | | |

വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയതനുസരിച്ച് 13 വാർഡുകളിലായി 250 മാനുവൽ ലൈറ്റുകളും 311 ഓട്ടോമാറ്റിക് ലൈറ്റുകളും ഉൾപ്പെടെ 561 ലൈറ്റുകളാണ് സ്ഥാപിച്ചിട്ടുള്ളത്. ടാക്സ് ഇൻവോയ്സ് പ്രകാരം 565 ലൈറ്റുകളാണ് വാങ്ങിയിട്ടുള്ളത് . ലൈറ്റുകൾ സ്ഥാപിക്കുന്നതിന് 250 രൂപ പ്രകാരം ഓഫർ ലെറ്ററിൽ രേഖപ്പെടുത്തിയിരുന്നെങ്കിലും ടാക്സ് ഇൻവോയ്സ് പ്രകാരം ആയത് ഡിമാന്റ് ചെയ്യുകയോ നല്കുകയോ ചെയ്തിട്ടില്ല. കോട്ടയം ജില്ലയിൽ മിക്ക പഞ്ചായത്തുകളിലും ലൈറ്റുകൾ സ്ഥാപിക്കുന്നതിന് ലൈറ്റ് ഒന്നിന്

പരമാവധി 100/- രൂപയാണെന്നിരിക്കെ ഇരട്ടിയിലധികം തുക രേഖപ്പെടുത്തിയ കമ്പനിയെക്കൊണ്ട് ഇൻസ്റ്റലേഷൻ നടത്തിയത് നിർവ്വഹണത്തിലെ അപാകതയാണ്.

ഓഫർ ലെറ്ററിൽ പറഞ്ഞിരുന്നതിൽ നിന്നും വ്യത്യസ്തമായി യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 141248/- രൂപ അധികം നല്കിയതിന് വിശദീകരണം നല്കേണ്ടതും കമ്പനിയിൽ നിന്നും വാങ്ങിയ 565 ലൈറ്റുകളിൽ സ്ഥാപിക്കാതെ അവശേഷിക്കുന്ന 4 ലൈറ്റുകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ് എന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (1/20-3-2023) നല്കിയ മറുപടിയിൽ അധിക തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ലൈറ്റുകൾ സ്ഥാപിക്കുന്നതിന് തുക നല്കിയില്ല എന്നും 4 ലൈറ്റുകൾ പിന്നീട് 5ാം വാർഡിൽ സ്ഥാപിച്ചു എന്നും അറിയിച്ചു. ഈ സാഹചര്യത്തിൽ കമ്പനിക്ക് അധികം നല്കിയ 141248 /- രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-2 ഫലപ്രദമല്ലാത്ത എ എം സി ചെലവുകൾ

2021-22 വർഷം പഞ്ചായത്തിലെ സർവ്വർ കംപ്യൂട്ടറിനും യു പി എസിനും AMC വയ്ക്കുന്നതിനായി പ്രോജക്ട് നമ്പർ 09/21-22 നമ്പരായി വികസനഫണ്ട്(ജനറലിൽ) നിന്നും 19783/- രൂപ വകയിരുത്തുകയും സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഇതേ തുകചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

### സർവ്വർ കംപ്യൂട്ടറിന് എ എം സി

21-4-2021 ലെ 1-1 നമ്പർ പഞ്ചായത്ത് കമ്മറ്റി തീരുമാന പ്രകാരം 20-5-2021 ൽ അവസാനിക്കുന്ന സർവ്വർ കംപ്യൂട്ടറിന്റെ എ എം സി പുതുക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ക്വട്ടേഷൻ ക്ഷണിക്കുകയും 10620/- രൂപ ക്വാട്ട് ചെയ്ത വെർട്ടെക്സ് ടെക്നോ സൊല്യൂഷൻസിന് കരാർ നല്കുകയും ചെയ്തു (ബിൽ നം 1/31/5/2021). എന്നാൽ ഫയൽ പരിശോധിച്ചതിൽ സ്ഥാപനവുമായി കരാർ ചമച്ചിട്ടുള്ളതായി കാണുന്നില്ല.

### യു പി എസിന് എ എം സി

21-4-2021 ലെ 1-1 നമ്പർ പഞ്ചായത്ത് കമ്മറ്റി തീരുമാന പ്രകാരം 20-3-2021 ൽ അവസാനിക്കുന്ന യു പി എസിന്റെ എ എം സി പുതുക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ക്വട്ടേഷൻ ക്ഷണിക്കുകയും 9163/- രൂപ ക്വാട്ട് ചെയ്ത സെൻസ്റ്റർ പവർ സൊല്യൂഷൻസിന് കരാർ നല്കുകയും ചെയ്തു (ബിൽ നം 9/25-6-2021). കരാർ പരിശോധിച്ചതിൽ 21-3-2021 മുതൽ 20-3-2022 വരെ 1 വർഷ കാലയളവിലേക്കാണ് എ എം സി വച്ചിട്ടുള്ളത്. 26-5-2022 ൽ ഒപ്പിട്ടകരാർ ആയതിനാൽ പ്രസ്തുത തീയതി മുതൽ മാത്രമേ എ എം സി ക്ക് പ്രാബല്യമുള്ളൂ എന്നതിനാൽ ഫലത്തിൽ 9 മാസം 25 (299 ദിവസം) ദിവസം മാത്രമാണ് എ എം സി ലഭിച്ചത്. ഇതിന് നല്കാവുന്ന തുക ചുവടെ ചേർക്കുന്നു.

ഒരു ദിവസത്തിന് എ എം സി ചെലവ് 9163/365=25.10

കരാർ പ്രകാരം എ എം സി ലഭിച്ച 299 ദിവസത്തിന് നല്കാവുന്ന തുക 7504.90(7505/- പൂർണ്ണ സംഖ്യയിൽ)

ലഭിക്കാത്ത എ എം സിക്ക് നല്കിയത് 9163-7505=1658/- രൂപ

മേൽ പറഞ്ഞ അപാകതകളിലുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കേണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (9/20-3-2023) മറുപടിയായി വെർട്ടെക്സ് ടെക്നോ സൊല്യൂഷൻസുമായുള്ള കരാർ ഫയലിൽ നിന്നും നഷ്ടപ്പെട്ടു എന്നും സെൻസ്റ്റർ പവർ സൊല്യൂഷൻസിന് കരാർ കാലാവധി കരാർ തീയതി മുതൽ 1 വർഷത്തേക്ക് സ്ഥാപനം നെഗോസിയേഷൻ നല്കിയെന്നും അറിയിച്ചു. ഈ രണ്ട് ഇനങ്ങളും കരാർ മാത്രം അടിസ്ഥാനത്തിലുള്ളതായതിനാൽ മറുപടി അംഗീകരിക്കുന്നില്ല. കരാറില്ലാതെ വെർട്ടെക്സ് ടെക്നോ സൊല്യൂഷൻസിന് നല്കിയ 10620/- രൂപയും സെൻസ്റ്റർ പവർ സൊല്യൂഷൻസിന്

അധികം നല്കിയ (പഞ്ചായത്തിന് പ്രയോജനപ്പെടാത്ത ചെലവ്)1658/- രൂപയും അടക്കം 12278/- രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|---|
| 2021-22 | 17.03.2023 | 20.03.2023 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്(നം.) | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, കാഞ്ഞിരപ്പള്ളി | 19.01.2022 | 351700 | 18/21-22 പാലിയേറ്റീവ് കെയർ യൂണിറ്റ് | 351700 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, കാഞ്ഞിരപ്പള്ളി | 16.09.2021 | 280000 | 63/21-22 ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 280000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, കാഞ്ഞിരപ്പള്ളി | 31.08.2021 | 1000000 | 64/21-22 ലൈഫ് മിഷൻ ഭൂരഹിതർക്ക് ഭൂമി വാങ്ങൽ (ജനറൽ) | 1000000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, കാഞ്ഞിരപ്പള്ളി | 04.10.2021 | 496000 | 130/21-22 ലൈഫ് മിഷൻ ഭവന നിർമ്മാണം (എസ് സി പി) | 496000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, കാഞ്ഞിരപ്പള്ളി | 15.11.2021 | 80000 | 62/21-22 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് ബത്തയും സ്കോളർഷിപ്പും | 80000 | 0 |

| | | | | | |
|---|---|---|---|---|---|
| ആകെ | | 2207700 | | 2207700 | 0 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 04.10.2021 | 1076192 | 136/21-22 ലൈഫ് ഭവന പദ്ധതി | 1076192 | 0 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 28.12.2021 | 820000 | 129/21-22 ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 820000 | 0 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 09.02.2022 | 320000 | 130/21-22 ലൈഫ് മിഷൻ ഭവന നിർമ്മാണം (എസ് സി പി) | 320000 | 0 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 28.12.2021 | 330000 | 137/21-22 ലൈഫ് മിഷൻ (എസ് സി പി) | 330000 | 0 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 30.03.2022 | 100000 | 61/21-22 അംഗൻവാടികൾക്ക് അനുപൂരക പോഷകാഹാരം | 100000 | 0 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 02.03.2022 | 167400 | 62/21-22 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് ബത്തയും സ്കോളർഷിപ്പും | 167400 | 0 |
| ആകെ | | 2813592 | | 2813592 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഭൂജല വകുപ്പ് | പ്രോജക്ട് നം. 154/21-22 വിവിധ വാർഡുകളിൽ കുഴൽകിണർ | 562000 | 0 | 562000 |

| | | | | |
|---|---|---|---|---|
| | നിർമ്മാണം | | | |
| കേരള വാട്ടർ അതോറിറ്റി | പ്രോജക്ട് നം. 191/21-22 വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീളം ദീർഘിപ്പിക്കൽ | 1876500 | 0 | 1876500 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | പ്രോജക്ട് നം. 17/21-22 വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 118298 | 0 | 118298 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശം | ഉത്തരവ് നമ്പർ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതിക്ക് വേണ്ടി കെ.യു.ആർ.ഡി.എഫ്.സി. യിൽ നിന്നും അനുവദിച്ച ലോൺ | ജി.ഒ(എംഎസ്) 68/2018/എൽ എസ് ജി ഡി/18.05.2018 | 15398140 | 320000 | 2038666 | | 13679474 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻ വർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23

പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-2 | 2016-17 | 1, അനുബന്ധം-3 | വസ്തു നികുതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2014-15 | 2-4 | 2016-17 | 2, അനുബന്ധം-4 | തൊഴിൽ നികുതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2015-16 | 2-5 | 2016-17 | 2, അനുബന്ധം-5 | തൊഴിൽ നികുതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 16-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 എന്നിവ പ്രകാരമുള്ള ചാർജ്-സർച്ചാർജ് നടപടികൾ നിലവിൽ തുടരുന്ന ഖണ്ഡികകൾ ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | : | 85058041.23 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 68416530.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 153526 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2075867 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 (1-22) | | 141248 | ജോമോൻ മാത്യു, സെക്രട്ടറി |
| 3-2 (1-23) | | 10620 | സജീഷ് കുമാർ എ .എസ്, സെക്രട്ടറി (ഇൻ ചാർജ്) |

| | | | |
|---|---|---|---|
| 3-2 (1-23) | | 1658 | റൂബീന എം, സെക്രട്ടറി |
| ആകെ | | 1535267 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 562000 | ജോമോൻ മാത്യു, സെക്രട്ടറി |
| 1-20 | 200000 | റൂബീന എം, സെക്രട്ടറി |
| 1-20 | 869298 | ജോമോൻ മാത്യു, സെക്രട്ടറി |
| 1-21 | 7069 | ജോമോൻ മാത്യു, സെക്രട്ടറി |
| 1-26 | 262500 | ഡോ. അനിത നാരായണൻ, വെറ്ററിനറി സർജൻ |
| 1-29 | 100000 | രാജൻകുട്ടി എൻ.ജി, വി.ഇ.ഒ |
| 1-30 | 75000 | രാജൻകുട്ടി എൻ.ജി, വി.ഇ.ഒ |
| ആകെ | 2075867/- | |

*(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം*

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജോമോൻ മാത്യു, സെക്രട്ടറി | സെക്രട്ടറി, കൊഴുവനാൽ ഗ്രാമ പഞ്ചായത്ത് | കോളംകുഴിയിൽ, ആനിക്കാട് പി.ഒ, കോട്ടയം |
| റൂബീന എം, സെക്രട്ടറി | സെക്രട്ടറി, കോയിപ്പുറം ഗ്രാമ പഞ്ചായത്ത് | ഡെൻസ് ഹൗസ്, കട്ടിക്കടവ് പി.ഒ, കരുനാഗപ്പള്ളി , കൊല്ലം – 690542 |
| സജീഷ് കുമാർ എ .എസ്, സെക്രട്ടറി (ഇൻ ചാർജ്) | അസി. സെക്രട്ടറി വെങ്ങാനൂർ ഗ്രാമ പഞ്ചായത്ത് | ബിജുലാൽ ഭവൻ വെങ്കുളം നെല്ലിമൂട് പി.ഒ, തിരുവനന്തപുരം |

| | | |
|---|---|---|
| | | 695324 |

## 4-11 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2005-06 | എൽ.എഫ്.കെ.പി9-53/08 /10.11.2008 | 4 |
| 2009-10, 2010-11 | കെ.എസ്.എ.-കെ.ടി.എം.പി11/അദാ-2022/377(1)/2022/ 26.08.2022 | 03 |
| 2011-12, 2012-13 | കെ.എസ്.എ.-കെ.ടി.എം.പി11/അദാ-2022/377(2)/2022/ 26.08.2022 | 10 |
| 2013-14, 2014-15 | കെ.എസ്.എ.-കെ.ടി.എം.പി11/അദാ-2022/377(3)/2022/ 26.08.2022 | 5 |
| 2015-16 | കെ.എസ്.എ.-കെ.ടി.എം.പി11/അദാ-2022/377(4)/2022/ 26.08.2022 | 4 |
| 2016-17 | കെ.എസ്.എ.-കെ.ടി.എം.പി11/അദാ-2022/377(5)/2022/ 26.08.2022 | 3 |
| 2017-18 | കെ.എസ്.എ.-കെ.ടി.എം.പി11/അദാ-2022/377(6)/2022/ 26.08.2022 | 9 |
| 2018-19 | കെ.എസ്.എ.-കെ.ടി.എം.പി11/അദാ-2022/377(7)/2022/ 26.08.2022 | 16 |
| 2019-20 | കെ.എസ്.എ.-കെ.ടി.എം.പി11/1085 /2022/ 02.03.2022 | 11 |
| 2020-21 | കെ.എസ്.എ.-കെ.ടി.എം.പി11/1400 /2022/ 14.12.2022 | 23 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,
ജില്ലാ ഓഡിറ്റ് കാര്യാലയം -കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്